www.facebook.com/samakalikajanapadham/

# സമകാലിക ജനപഥം

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

2021 ഒക്ടോബർ 1 ₹ 12 പുസ്തകം 8 ലക്കം 3

# സ്കൂളിലേക്ക്...




SPECIAL PULLOUT BOOKLET

എന്റെ പുതിയ കേരളം

# ബാധ്യതയായല്ല...
# കടമയുടെ പേരിലുമല്ല...



## സ്നേഹവും കരുതലും അതവർ അർഹിക്കുന്നതാണ്!

**വീടുകളിൽ കഴിയേണ്ടിവരുന്ന ഭിന്നശേഷിക്കാർക്കും അവരെ പരിപാലിക്കുന്നവർക്കും ആവശ്യമായ സേവനങ്ങളും മാനസിക പിന്തുണയും നൽകാൻ...**

## സഹജീവനം പദ്ധതി

കൂടുതൽ വിവരങ്ങൾക്കായി സാമൂഹിക നീതി ഓഫീസുമായി ബന്ധപ്പെടുക

ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

എഡിറ്റർ
**എസ്. ഹരികിഷോർ ഐ.എ.എസ്**
അഡീഷണൽ എഡിറ്റർ
**കെ. അബ്ദുൽ റഷീദ്**
ഡപ്യൂട്ടി എഡിറ്റർ
**വി. പി. അശ്വതി**
എഡിറ്റർ-ഇൻ-ചാർജ്
**കെ.എസ്. ഇന്ദുശേഖർ**
അസിസ്റ്റന്റ് എഡിറ്റർ
**മെർലിൻ ജെ.എൻ**
**സതികുമാർ റ്റി.എസ്.**
സർക്കുലേഷൻ ഓഫീസർ
**അഭിലാഷ് എ.സി.**
കവർ & ലേഔട്ട്
**ദീപക് മൗത്താട്ടിൽ**
ടൈപ്പ് സെറ്റിങ്
**വിനിത വി.എസ്.**
എഡിറ്റോറിയൽ അസിസ്റ്റന്റ്സ്
**സഞ്ജന സുനിൽ**
**സംഗീത ഒ.**

October1, 2021, Volume 8, Issue 3
e-mail : prdmalayalam@gmail.com
Website : www.prd.kerala.gov.in

പ്രതികരണങ്ങൾ അയക്കേണ്ട വിലാസം

എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം-695001
prdmalayalam@gmail.com
0471-2518171

വാർഷിക വരിക്കാരാകാൻ
120 രൂപയുടെ മണി ഓർഡർ, ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, എഡിറ്റോറിയൽ വിഭാഗം, 1-ാം നില, സെക്രട്ടേറിയറ്റ് അനക്സ്-1, തിരുവനന്തപുരം-1 എന്ന വിലാസത്തിൽ അയയ്ക്കുക.
0471-2517036



ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.



സമകാലിക
ജനപഥം
2021 ഒക്ടോബർ 1
പുസ്തകം 8 ലക്കം 3




# കരുതലോടെ വിദ്യാലയത്തിലേക്ക്

മനുഷ്യരാശിയുടെ ചരിത്രത്തിൽ ഭീഷണിയുയർത്തി ഒട്ടേറെ മഹാമാരികൾ ഉണ്ടായിട്ടുണ്ട്. മധ്യകാലഘട്ടത്തിൽ യൂറോപ്പിലെ ലക്ഷങ്ങളുടെ ജീവൻ കവർന്ന പ്ലേഗും 1918-ലെ സ്പാനിഷ് ഫ്ളൂവും മുതൽ മലമ്പനിയും വസൂരിയും വരെ ധാരാളം രോഗപ്പകർച്ചകൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കോവിഡ് അതിൽ നിന്നെല്ലാം വ്യത്യസ്തമാവുന്നത് ഭൂമിശാസ്ത്രപരമായി ഏതെങ്കിലും മേഖലകളിലൊതുങ്ങാത്ത അതിന്റെ സാർവലൗകികമായ പടർച്ച സൃഷ്ടിച്ച വിനാശസ്വഭാവത്താലാണ്. കഴിഞ്ഞ രണ്ടുവർഷത്തിനിടെ ഇന്ത്യയും നമ്മുടെ കേരളവും അതിന്റെ മാരകശേഷി അനുഭവിച്ചറിഞ്ഞു.

ജീവിതത്തിന്റെ സമസ്തമേഖലകളെയും പിടിച്ചുലച്ച കോവിഡിന്റെ വിപദ്ഫലങ്ങൾ നേരിടേണ്ടിവന്ന ഒരുവിഭാഗം നമ്മുടെ കുട്ടികളാണ്. വീടുകളിൽ ഒതുങ്ങാനും പഠനം സമ്പൂർണമായും ഓൺലൈൻ ആക്കാനും അവർ നിർബന്ധിതരായി. എന്നാൽ സംസ്ഥാനം സ്വീകരിച്ച കരുതലും നിയന്ത്രണങ്ങളും വാക്സിനേഷനിലെ മുന്നേറ്റം ഉൾപ്പെടെയുള്ള നടപടികളും രോഗവ്യാപനം കുറച്ചിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് നവംബർ ഒന്നിന് സ്കൂളുകൾ തുറക്കാൻ തീരുമാനിച്ചത്. ഏറെ കരുതലോടെയും മുന്നൊരുക്കങ്ങളോടെയുമാണ് സർക്കാർ കുരുന്നുകളെ സ്കൂളുകളിലേക്ക് വരവേൽക്കുന്നത്. ഇതിനായി ശാസ്ത്രീയാടിസ്ഥാനത്തിൽ വിശദമായ മാർഗരേഖതന്നെ പുറത്തിറക്കിയിട്ടുണ്ട്. കുട്ടികളും സ്കൂൾ അധികൃതരും രക്ഷിതാക്കളും പാലിക്കേണ്ടതരത്തിലാണ് മാർഗരേഖ തയാറാക്കിയിരിക്കുന്നത്. സർക്കാർ നിർദേശങ്ങൾ പാലിച്ചുകൊണ്ട്, ജാഗ്രത കൈവിടാതെ നമുക്ക് വിദ്യാലയങ്ങളുടെ പ്രവർത്തനം പുനരാരംഭിക്കാം. സ്കൂളുകൾ തുറക്കുന്നതിന്റെ പശ്ചാത്തലത്തിൽ സർക്കാർ കൈക്കൊണ്ട നടപടികളെപ്പറ്റി വിദ്യാഭ്യാസമന്ത്രി വി. ശിവൻകുട്ടിയുമായുള്ള അഭിമുഖം, മാർഗരേഖയുടെ വിശദാംശങ്ങൾ എന്നിവ ഈ ലക്കം വായിക്കാം.

സേവനങ്ങൾക്കും സർട്ടിഫിക്കറ്റുകൾക്കും അപേക്ഷാഫീസ് ഒഴിവാക്കിക്കൊണ്ടും വിവിധ സർട്ടിഫിക്കറ്റുകൾ ലളിതമാക്കിയും ധീരനൂതനമായ നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ഒപ്പം ഓഫീസുകൾ കയറിയിറങ്ങാതെ വിവിധ വകുപ്പുകളുടെ 500ൽ അധികം സേവനങ്ങൾ ഇപ്പോൾ ഒരു ഏകീകൃത പോർട്ടലിലൂടെ സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. പോർട്ടലിലൂടെ ലഭ്യമാവുന്ന സേവനങ്ങൾ വായനക്കാർക്ക് പ്രയോജനകരമായ ഒരു കൈപ്പുസ്തകമായി ഉപയോഗിക്കാനാവും വിധം ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**എസ്. ഹരികിഷോർ ഐ.എ.എസ്**
എഡിറ്റർ

ഉള്ളടക്കം

ജനപഥം


**06**
**കുട്ടികളുടെ ആരോഗ്യവും സുരക്ഷയുമാണ് പ്രധാനം**
വി.ശിവൻകുട്ടിയുമായി മുഖാമുഖം

**10**
**വീണ്ടും സ്കൂളിലേക്ക്**

**14**
**ക്ലാസ്സുകളിൽ ബയോബബിൾ സംവിധാനം**

**37**
**കുട്ടികൾ അറിയാൻ.. ഭീതിവേണ്ട കരുതൽ വേണം**

**38**
**കുട്ടികൾക്കും ജീവനക്കാർക്കും ആരോഗ്യപരിശോധന**

**39**
**ചിരി, ചങ്ങാത്തം, പള്ളിക്കൂടം**
എസ് ഹരീഷ്

**41**
**കൊന്നുതീർക്കുന്ന പ്രണയപ്പക**
ഡോ.അരുൺ ബി നായർ

**44**
**കുന്നോളം കുളിരുള്ള വാഴ്‌വാന്തോൽ**
സന്തോഷ് രാജശേഖരൻ

**45**
**സത്യാനന്തരകാലത്തെ ഗാന്ധി**
ഡോ.സി.പി.വിനോദ്

**48**
**ദുരഭിമാനം വ്യക്തിസ്വാതന്ത്ര്യത്തെ ഹനിക്കരുത്**
അഡ്വ. പി. സതീദേവിയുമായി മുഖാമുഖം





സമകാലിക
ജനപഥം
PULLOUT
BOOKLET
സ്പെഷ്യൽ


17 - 36


## പ്രതികരണങ്ങൾ

സമകാലിക ജനപഥം സെപ്റ്റംബർ ലക്കത്തിൽ പ്രസിദ്ധീകരിച്ച പ്രമുഖ ചരിത്രകാരൻ ഡോ.കെ.കെ.എൻ കുറുപ്പിന്റെ 'മലബാറിലെ ദേശീയ വാദികൾ' എന്ന ലേഖനം ശ്രദ്ധേയമായി. സാമ്രാജ്യത്വത്തിനെതിരായ സമരചരിത്രം പുതിയ തലമുറയ്ക്ക് അനുഭവവേദ്യമാക്കുന്നതിനും ചർച്ചചെയ്യപ്പെടുന്നതിനും തുടർന്നും ഇത്തരം അറിവ് നൽകുന്ന പംക്തികൾ പ്രതീക്ഷിക്കുന്നു.

**ബാലചന്ദ്രൻ എൻ,**
**കായംകുളം**






**കവർചിത്രം**
പ്രശാന്ത് ആർ

**ചിത്രങ്ങൾ**
ഐ. പി. ആർ. ഡി.
ഫോട്ടോഗ്രാഫി വിഭാഗം

# "കുട്ടികളുടെ ആരോഗ്യവും സുരക്ഷയുമാണ് പ്രധാനം

**മഹാമാരിയെത്തുടർന്ന് കുട്ടികളുടെ വിദ്യാഭ്യാസഭാവിയെകുറിച്ച് ഏവരും ആശങ്കപ്പെട്ടപ്പോൾ ഡിജിറ്റൽ വിദ്യാഭ്യാസത്തിലൂടെ മാതൃകാപരമായി മുന്നേറിയ നാടാണ് കേരളം. പരിമിതികളിലും സാധ്യത കണ്ടെത്തി പ്രതിസന്ധിയുടെ കാലത്തും നാം കുട്ടികളുടെ പഠനം ഉറപ്പാക്കി. ആവശ്യമായ കരുതലുണ്ടെങ്കിൽ ആശങ്ക വേണ്ട എന്ന അനുഭവ പാഠവുമായി ഇപ്പോഴിതാ ഇടവേളയ്ക്കുശേഷം കേരളപ്പിറവിദിനത്തിൽ സംസ്ഥാനത്തെ സ്കൂളുകളിൽ നേരിട്ട് അധ്യയനം ആരംഭിക്കുകയാണ്. വീണ്ടും ക്ലാസ് മുറികളെ  സജീവമാക്കാൻ സർക്കാർ നടത്തുന്ന മുന്നൊരുക്കങ്ങളെക്കുറിച്ച് വിദ്യാഭ്യാസ മന്ത്രി സംസാരിക്കുന്നു**



**വി ശിവൻകുട്ടി / റ്റി.എസ്.സതികുമാർ**

**സംസ്ഥാനത്തെ സ്കൂളുകൾ കേരളപ്പിറവി ദിനത്തിൽ വീണ്ടും തുറക്കാൻ തീരുമാനിച്ചിട്ടുണ്ടല്ലോ? എന്താണ് ഇത്തരമൊരു തീരുമാനമെടുക്കാൻ സർക്കാരിന് പ്രേരണയായത്?**

കണ്ടു ശീലിച്ചിട്ടില്ലാത്ത നിയന്ത്രണങ്ങളിലൂടെയാണ് നാം കടന്നു പോകുന്നത്. അതിൽ ഏറ്റവും പ്രധാനം മനുഷ്യന്റെ സഞ്ചാരസ്വാതന്ത്ര്യവും പരസ്പര ഇടപെടലുകളുടെ സ്വാതന്ത്ര്യവും പരിമിതപ്പെട്ടു എന്നുള്ളതാണ്. കുട്ടികൾ ഉൾപ്പെടെ എല്ലാവരും വീട്ടിൽ തന്നെ ഒതുങ്ങിക്കൂടാൻ നിർബന്ധിതരായി. അവരുടെ പഠനവും ഓൺലൈനിൽ ആയി. ഈ സാഹചര്യത്തിലാണ് പ്രതീക്ഷയുടെ കിരണമായി കോവിഡ് വാക്സിൻ എത്തിയത്. അതിന്റെ കൂടി ഫലമായി സംസ്ഥാനത്ത് കോവിഡ് വ്യാപനത്തോത് കുറഞ്ഞു തുടങ്ങിയിരിക്കുകയാണ്. ഈ പശ്ചാത്തലത്തിലാണ് സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട ചിന്തകളിലേക്ക് നാം കടക്കുന്നത്.

**എന്താണ് മുന്നൊരുക്കങ്ങൾ?**

രാജ്യത്തെ നിരവധി സംസ്ഥാനങ്ങളിൽ സ്കൂൾ തുറന്നതുമായി ബന്ധപ്പെട്ട അനുഭവങ്ങൾ നമ്മുടെ മുന്നിലുണ്ട്. അതനുസരിച്ചാണ് സ്കൂൾ തുറക്കുന്നതിന് പ്രധാനമായും നമ്മൾ ഒരു മാർഗരേഖ തയ്യാറാക്കിയത്. തികച്ചും ശാസ്ത്രീയമായ കാര്യങ്ങൾ മുൻനിർത്തിയാണ് അത് തയ്യാറാക്കിയിരിക്കുന്നത്. അത് പാലിച്ചുകൊണ്ടാണ് സ്കൂൾ തുറക്കുന്നത്.

**കോവിഡ് മഹാമാരി അവസാനിക്കാത്ത സാഹചര്യത്തിൽ പലർക്കും ഉത്കണ്ഠകൾ ഉണ്ടല്ലോ?**

അത് സ്വാഭാവികമാണ്. എന്നാൽ എല്ലാ സുരക്ഷാ ക്രമീകരണങ്ങളും ഒരുക്കിക്കൊണ്ടാണ് സ്കൂളുകളിൽ അധ്യയനം ആരംഭിക്കുന്നത്. കുട്ടികളുടെ ആരോഗ്യവും സുരക്ഷയും തന്നെയാണ് സർക്കാരിന് പ്രധാനം. അതിൽ ഒരു വിട്ടുവീഴ്ചയും ഉണ്ടാകില്ല. മാത്രമല്ല, രക്ഷിതാക്കൾക്ക് സ്വന്തം കുട്ടിയെ സ്കൂളിൽ അയക്കണോ വേണ്ടയോ എന്ന് തീരുമാനിക്കാനുള്ള സ്വാതന്ത്ര്യമുണ്ടല്ലോ.

**സ്കൂളിൽ പോകാൻ കഴിയാത്തവരെ എങ്ങനെ പഠിപ്പിക്കും ?**

ഓൺലൈൻ പഠനം തന്നെ. സ്കൂളിൽ നേരിട്ട് എത്തിച്ചേരാൻ സാധിക്കാത്ത എല്ലാ കുട്ടികൾക്കും നിലവിലുള്ള ഡിജിറ്റൽ പഠനരീതി തുടരാം. സ്കൂളിൽ അതത് ദിവസങ്ങളിൽ പോകാൻ കഴിയാത്തവർക്ക് പഠനത്തിന് വിവിധ രീതികളിൽ അധ്യാപകർ പിന്തുണ നൽകും.

**കുട്ടികൾ തമ്മിലുള്ള സമ്പർക്കത്തിൽ അധ്യാപകർക്ക് ഇടപെടുന്നതിലെ പരിമിതികളെ എങ്ങനെ മറികടക്കും?**

ക്ലാസിനകത്ത് ഇരിക്കുന്നതിലും പരീക്ഷ, ലാബ് പ്രവർത്തനങ്ങൾ നടത്തുന്നതിനുമെല്ലാം ചില സുരക്ഷിത മാർഗങ്ങൾ നിർദേശിച്ചിട്ടുണ്ട്. ഉദാഹരണത്തിന് ഒരു ക്ലാസിൽ ആറ് മുതൽ 10 വരെയുള്ള കുട്ടികളുടെ ഗ്രൂപ്പുകളുണ്ടാകും. അവർ മാത്രമേ പരസ്പരം അടുത്ത് ഇടപെടാൻ പാടുള്ളൂ. അവരെല്ലാം ഒരു പ്രദേശത്തു നിന്നു തന്നെ വരുന്നവരാണെങ്കിൽ ഒരുമിച്ചു യാത്ര ചെയ്തു വരാവുന്നതാണ്. ഇവരിൽ ആർക്കെങ്കിലും രോഗലക്ഷണം ഉണ്ടായാൽ പെട്ടെന്ന് തന്നെ വൈദ്യസഹായം നൽകാനും ബാക്കിയുള്ളവർക്ക് പരിശോധന നടത്താനുമൊക്കെ സാധിക്കും. ഇങ്ങനെ ഒരുപാട് നിർദേശങ്ങളുണ്ട്.

**ബയോബബിൾ രീതിക്കൊക്കെ പരിമിതികൾ ഉണ്ടെന്നുള്ള നിരീക്ഷണങ്ങൾ ഉണ്ടല്ലോ ?**

രോഗത്തെ പ്രതിരോധിക്കാനുള്ള ഒരു മാർഗമായി ബയോബബിളിനെ നമുക്ക് പ്രയോജനപ്പെടുത്താൻ സാധിക്കും. ബയോബബിളിൽ കുട്ടികളുടെ എണ്ണം എത്രകണ്ട് പരിമിതപ്പെടുത്താമോ അത്രകണ്ട് നല്ലതാണ്. ഒരു ബയോബബിളിലെ കുട്ടികൾ മറ്റൊരു ബയോബബിളിലെ കുട്ടികളുമായി ഒരു കാരണവശാലും അടുത്തിടപെടാൻ പാടുള്ളതല്ല. അതിലൊക്കെ അധ്യാപകരുടെ ശ്രദ്ധയുണ്ടാവണം.

**കുട്ടികളുടെ പാഠ്യേതര പ്രവർത്തനങ്ങൾ ഒക്കെ ഇനിയിപ്പോൾ തടസപ്പെടാൻ സാധ്യതയില്ലേ?**

നിയന്ത്രണങ്ങളോടെ കുറെയേറെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനാകും. എങ്കിലും ഇപ്പോഴത്തെ



**വിനിത**
**പ്രിൻസിപ്പാൾ,**
**ഗവ .ടി ടി ഐ മണക്കാട്**

സ്കൂളിലേക്ക് എത്താനുള്ള കുട്ടികളുടെ മനസ്സിലെ ആകാംക്ഷയും സന്തോഷവും അധ്യാപകർക്കു നൽകുന്ന സംതൃപ്തി വളരെ വലുതാണ്. പാറിക്കളിക്കുന്ന കുട്ടികളെ വരവേൽക്കാൻ സ്കൂളിൽ മികച്ച സൗകര്യങ്ങൾ ഒരുക്കി ഞങ്ങൾ അധ്യാപകരും കാത്തിരിക്കുകയാണ്



**മീര രാജേഷ്,**
**തോന്നയ്ക്കൽ**
**ഒൻപതാം ക്ലാസ്**

സ്കൂളിന്റെ അന്തരീക്ഷം വല്ലാതെ മിസ് ചെയ്യുന്നുണ്ട്. അതൊക്കെ മാറി, പുറം കാഴ്ചകൾ കണ്ട് യാത്ര ചെയ്തും ക്ലാസിലിരുന്നു പഠിച്ചും കൂട്ടുകാരുമായി സൗഹൃദം പങ്കുവച്ചുമുള്ള സ്കൂൾകാലം തിരിച്ചു കിട്ടുകയാണ്



**അശോക് കുമാർ എസ്.**
**പ്രധാന അധ്യാപകൻ,**
**എം. വി. എൽ. പി. എസ്. മാന്തറ**

കുഞ്ഞുകാലുകളുടെ പാദപതനവും കിലുകിലാരവവും ഉയരാതെ സ്കൂളുകൾ പൂർണമാകില്ല. കുട്ടികളെപോലെ അധ്യാപകരും സ്കൂൾ തുറക്കുന്നതിനായി കാത്തിരിക്കുകയാണ്.

സാഹചര്യത്തിൽ കുട്ടികളുടെ സുരക്ഷയാണ് പ്രധാനം. അതുകൊണ്ട് അടുത്തിടപഴകേണ്ട കായികവിനോദങ്ങൾ, സ്കൂൾ അസംബ്ലി, ഒരുമിച്ചിരുന്നുള്ള ഭക്ഷണം കഴിക്കൽ എന്നിവയൊക്കെ ഒഴിവാക്കിയേ പറ്റൂ.

**സ്കൂളിൽ പുറത്തുനിന്നുള്ളവരുടെ സന്ദർശനവും നിയന്ത്രിക്കേണ്ടതല്ലേ ?**

കുട്ടികളും ജീവനക്കാരും അല്ലാത്തവർ സ്ഥാപനം സന്ദർശിക്കുന്നത് നിരുത്സാഹപ്പെടുത്തും. വാക്സിനേഷൻ എടുത്തവരും ഗുരുതരമായ രോഗങ്ങൾ ഇല്ലാത്തവരുമായ പി.ടി.എ. ഭാരവാഹികൾക്ക് മാത്രമേ നിയന്ത്രണ വിധേയമായി സ്കൂളുകളിൽ പ്രവേശനം അനുവദിക്കൂ.

**സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് പൊതു സമൂഹത്തിന്റെ സഹകരണവും സർക്കാർ ഉറപ്പ് വരുത്തുമോ ?**

ഉറപ്പാക്കിയിട്ടുണ്ടല്ലോ. പൊതുസമൂഹം മുന്നിട്ടിറങ്ങിയാണ് ഓരോ സ്കൂളിലേയും കുഞ്ഞുങ്ങളെ വരവേൽക്കുന്നതിനായി ഒരുങ്ങുന്നത്. സ്കൂളുകൾ വൃത്തിയാക്കാനും കുട്ടികൾക്ക് വേണ്ട സൗകര്യമൊരുക്കുന്നതിനുമുള്ള പൊതു സമൂഹത്തിന്റെ ആവേശം കാണുമ്പോൾ വലിയ അഭിമാനം തോന്നുകയാണ്. മാത്രമല്ല, വകുപ്പ് മന്ത്രിയെന്ന നിലയിൽ അധ്യാപക, വിദ്യാർഥി, യുവജന, തൊഴിലാളി സംഘടനകളുടെ യോഗത്തിൽ ഞാൻ നേരിട്ട് പങ്കെടുത്തപ്പോൾ അവർ എത്രത്തോളം പോസിറ്റീവായി കാര്യങ്ങളെ കാണുന്നുവെന്ന് മനസിലാക്കാനും സാധിച്ചു. വാക്കുകൾക്കപ്പുറമുള്ള പിന്തുണയാണ് അവരുടേത്.

**വിവിധ വകുപ്പുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തവും പ്രധാനമല്ലേ ?**

പല സ്ഥലങ്ങളിലും സ്കൂളുകളുടെ നടത്തിപ്പിനുള്ള ഉത്തരവാദിത്വം തന്നെ തദ്ദേശ സ്ഥാപനങ്ങൾക്കാണ്. ആ ഉത്തരവാദിത്വം ഭംഗിയായാണ് അവർ നിറവേറ്റി വരുന്നത്. അതിനൊപ്പം വിവിധ വകുപ്പുകളുടെ ഏകോപനവും സാധ്യമാക്കിയിട്ടുണ്ട്. ഓരോ സ്കൂളിലും ഓരോ ഡോക്ടർമാരുടെ സേവനം ഉറപ്പു വരുത്തും. ഇക്കാര്യത്തിലും ജനപ്രതിനിധികളുടേയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടേയും സഹായം ഉണ്ടാകും. അതിലൊക്കെ സർക്കാരിന് തികഞ്ഞ ആത്മവിശ്വാസമുണ്ട്.

**സ്കൂളുകളുടെ അടിസ്ഥാനസൗകര്യങ്ങൾ ഒക്കെ മെച്ചപ്പെട്ടതിന്റെ ഗുണഫലങ്ങൾ കൂടി ഈ ഘട്ടത്തിൽ നമ്മുടെ കുട്ടികൾക്ക് അനുഭവേദ്യമാകുമോ ?**

തീർച്ചയായും. പിണറായി വിജയൻ സർക്കാർ കൊണ്ടുവന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം സമാനതകളില്ലാത്ത വികസനമാണ് സ്കൂളുകളുടെ ഭൗതിക സാഹചര്യത്തിൽ ഉണ്ടാക്കിയിട്ടുള്ളത്. കിഫ്ബി വഴിയും മറ്റ് ഏജൻസികൾ വഴിയും ഫണ്ട് നൽകി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും നിലവിലുള്ളവയെ മെച്ചപ്പെടുത്താനും ആവശ്യമായ ഫർണീച്ചർ ലഭ്യമാക്കാനും ക്ലാസ് മുറികൾ ഹൈടെക് ആക്കാനും സാധിച്ചു. നമ്മുടെ വിദ്യാഭ്യാസ രംഗത്തെ ഗുണ നിലവാരം പരീക്ഷകളുടെ വിജയ ശതമാനത്തിലും ഇപ്പോൾ പ്രകടമാണ്.

> **പൊതുസമൂഹം മുന്നിട്ടിറങ്ങിയാണ് ഓരോ സ്കൂളിലേയും കുഞ്ഞുങ്ങളെ വരവേൽക്കുന്നതിനായി ഒരുങ്ങുന്നത്. സ്കൂളുകൾ വൃത്തി യാക്കാനും കുട്ടികൾക്ക് വേണ്ട സൗകര്യമൊരുക്കുന്നതിനുമുള്ള പൊതു സമൂഹത്തിന്റെ ആവേശം കാണുമ്പോൾ വലിയ അഭിമാനം തോന്നുകയാണ്.**

**മഹാമാരിയുടെ പശ്ചാത്തലത്തിൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ ?**

സർക്കാരിന്റെ നൂറുദിന കർമ്മപദ്ധതിയുടെ ഭാഗമായി 92 സ്കൂൾ കെട്ടിടങ്ങൾ, 48 ഹയർസെക്കൻഡറി ലാബുകൾ, മൂന്ന് ഹയർസെക്കൻഡറി ലൈബ്രറികൾ എന്നിവയുടെ ഉദ്ഘാടനം അടുത്തിടെയാണ് കഴിഞ്ഞത്. 107 പുതിയ



**അമൃതവർഷിണി**
**എസ് എഫ് സ്കൂൾ, വെങ്ങാനൂർ**

കൂട്ടുകാരെയും പ്രിയപ്പെട്ട ടീച്ചർമാരെയും നേരിൽക്കാണാമല്ലോ എന്നോർത്ത് സന്തോഷമാണ്. ഞാൻ ആറാം ക്ലാസ് കഴിഞ്ഞു നേരെ എട്ടാം ക്ലാസ്സിലേക്കാണ് പോകുന്നത്. വീട്ടിൽ ഓൺലൈൻ ക്ലാസ്സുമായി കഴിഞ്ഞ ആ ഏഴാം ക്ലാസ്സിനെ കുറിച്ചോർക്കുമ്പോൾ സങ്കടവും തോന്നുന്നു



**ലിസി പി.ജോസഫ്**
**പ്രിൻസിപ്പാൾ, ഗവ.മോയൻ മോഡൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ, പാലക്കാട്**

സ്കൂൾ തുറക്കുമ്പോൾ വിദ്യാർഥികൾക്ക് ആശങ്ക ഉണ്ടാവാതിരിക്കുന്നതിനായി നിരന്തരം വീഡിയോ കോൺഫറൻസിലൂടെ ആശയവിനിമയം നടത്തുന്നുണ്ട്. ആശങ്കയുള്ളവരുമായി സ്കൂളു തുറന്നാലും നേരിട്ട് സംസാരിക്കും. കാരണം, സ്കൂളിലെ പഠനം കുട്ടികൾക്ക് പ്രധാനമാണ്



**രാജു വാഴക്കാല**
**(പി.ടി.എ പ്രസിഡന്റ്)**
**എസ്.ആർ.വി ഗവ: വി.എച്ച്.എസ്.എസ് എറണാകുളം**

ഓൺലൈൻ ക്ലാസുകൾ വിദ്യാർഥികളുടെ പഠനത്തിന് തടസ്സം വരാതിരിക്കാൻ ഒരു പരിധിവരെ സഹായിച്ചു. പക്ഷേ, കമ്പ്യൂട്ടറിന്റെ മുമ്പിലോ മൊബൈലിന്റെ മുൻപിലോ ഇരുന്ന് പഠനം തുടരുന്നത് അപൂർണതയാണ് നൽകുന്നത്. കൂട്ടുകാരോടൊത്ത് ഒത്തുകൂടാനും സന്തോഷിക്കാനും അവസരങ്ങൾ കുറഞ്ഞത് കുട്ടികളിൽ മാനസിക സമ്മർദ്ദം വളർത്തിയിട്ടുണ്ട്



സ്കൂൾ കെട്ടിടങ്ങളുടെ തറക്കല്ലിടൽ ഉത്സവപ്രതീതിയോടെ കഴിഞ്ഞ മാസം മുഖ്യമന്ത്രി നിർവ്വഹിച്ചു. അതെല്ലാം അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്ന പ്രവൃത്തികൾ തുടരുന്നു എന്നതിന് തെളിവല്ലേ ?

**ഒന്നാം ക്ലാസിൽ പ്രവേശനം നേടിയ വിദ്യാർഥികളുടെ എണ്ണത്തിൽ റെക്കോഡ് വർധനയാണല്ലോ ഉണ്ടായിരിക്കുന്നത്?**

ഒന്നാം ക്ലാസ് പ്രവേശനത്തിൽ പുതിയ റെക്കോർഡാണ് പൊതുവിദ്യാഭ്യാസ മേഖല കൈവരിച്ചിരിക്കുന്നത്. സർക്കാർ – എയ്ഡഡ് മേഖലയിൽ മുൻവർഷത്തെ അപേക്ഷിച്ച് 28,482 കുട്ടികളാണ് ഒന്നാം ക്ലാസിൽ ഇക്കൊല്ലം അധികമായി എത്തിയത്. സർക്കാർ നടപ്പാക്കിയ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങൾ വർധിച്ചതും അക്കാദമിക പ്രവർത്തനങ്ങൾ മെച്ചപ്പെട്ടതുമാണ് പൊതു വിദ്യാഭ്യാസ മേഖലയിൽ കുട്ടികൾ കൂടുതലായി എത്താൻ കാരണം എന്ന് വ്യക്തമല്ലേ. ■



**ട്രീസാ തോമസ് (പ്രിൻസിപ്പാൾ)**
**ഗവ.വൊക്കേഷൻ ഹയർ സെക്കൻഡറി സ്കൂൾ, കുമിളി**

സ്കൂളുകൾ തുറക്കാൻ ഉള്ള സർക്കാർ തീരുമാനം ഉചിതവും സ്വാഗതാർഹവുമാണ്. കുട്ടികളുടെ മാനസികവും ബൗദ്ധികവുമായ ശക്തിപ്പെടലിനും നേരായ ജീവിത വീക്ഷണം രൂപപ്പെടലിനും സമപ്രായക്കാരുമായുള്ള സൗഹൃദം പങ്കുവെക്കലു കൾക്കും ക്ലാസ്സ് റൂം പഠനം അനിവാര്യമാണ്



**ജാനകി എ ഭാസ്കർ**
**തിരുവനന്തപുരം**

സ്കൂളിൽ പോകുവാനും ടീച്ചർമാരെയും കൂട്ടുകാരെയും കാണാനും ആഗ്രഹമുണ്ട്. രണ്ടു വർഷത്തോളമായി സ്കൂളിൽ പോയിട്ട്. ഓൺലൈൻ ക്ലാസ് ബോർ ആയിത്തുടങ്ങി. ക്ലാസിലിരുന്ന് പഠിക്കാനും കൂട്ടുകാരുടെ കൂടെ പഴയതുപോലെ കളിക്കാനുമാണ് ആഗ്രഹം



**ശ്രീഭദ്ര**
**ഗവ. വി.എച്ച്.എസ്.എസ് കല്ലറ, തിരുവനന്തപുരം**

പണ്ടത്തെപ്പോലെ ചോക്കുപൊടിയുടെ മണമൊക്കെയുള്ള ക്ലാസിൽ ഇരിക്കാൻ കൊതി തോന്നുന്നുണ്ട്. ഒരു വേനലവധി അൽപം നീണ്ടുപോയിയെന്നാണ് ഇപ്പോൾ വിചാരിക്കുന്നത്. സ്കൂളിലെ ത്തിയിട്ടു വേണം ഒന്നോടിക്കളിക്കാൻ

വിദ്യാഭ്യാസ മാർഗരേഖ



അഭിജിത് ജി.ജി.

# വീണ്ടും സ്കൂളിലേക്ക്

## കോവിഡിന് ശേഷം സ്കൂൾ തുറക്കുന്നതു സംബന്ധിച്ച മാർഗരേഖ

**കോവിഡ് ഉയർത്തിയ വെല്ലുവിളികൾ കാരണം ഒന്നരവർഷമായി അടഞ്ഞുകിടന്ന സ്കൂളുകളിൽ ക്ലാസുകൾ ആരംഭിക്കുകയാണ്. മികച്ച മുന്നൊരുക്കങ്ങളോടെയാണ് സ്കൂളുകളിൽ അധ്യയനം ആരംഭിക്കുന്നത്. പരിസരം സജ്ജമാക്കൽ മുതൽ സ്കൂൾ സമയം ക്രമീകരിക്കൽ വരെ ഉൾപ്പെടുന്ന നിർദേശങ്ങൾ അതിൽ ഉൾപ്പെടുന്നുണ്ട്. ഒരു ഇടവേളയ്ക്കുശേഷം സ്കൂളുകൾ തുറന്നുപ്രവർത്തിക്കുമ്പോൾ പാലിക്കേണ്ട സർക്കാർ നിർദേശങ്ങളുടെ പ്രസക്ത ഭാഗങ്ങൾ...**

രക്ഷാകർത്താക്കളുടെ സമ്മതത്തോടെയാവണം കുട്ടികൾ സ്കൂളുകളിൽ എത്തിച്ചേരേണ്ടത്. ക്ലാസ്സുകളിലും ക്യാമ്പസിനകത്തും കുട്ടികൾ കോവിഡ് പ്രോട്ടോക്കോൾ പാലിക്കേണ്ടതാണ്. ഒന്നു മുതൽ ഏഴു വരെ ക്ലാസ്സുകളിൽ ഒരു ബഞ്ചിൽ പരമാവധി രണ്ട് കുട്ടികൾ മാത്രമേ ഇരിക്കാൻ പാടുള്ളൂ.

ക്ലാസ്സിലെ ആകെ കുട്ടികളുടെ പകുതി എണ്ണം മാത്രമേ ഒരുസമയം ഹാജരാകേണ്ടതുള്ളൂ. 1000 കുട്ടികളിൽ കൂടുതലുണ്ടെങ്കിൽ ആകെ കുട്ടികളുടെ 25% മാത്രം ഒരു സമയത്ത് ക്യാമ്പസിൽ വരുന്ന രീതിയിൽ ക്ലാസ്സുകൾ ക്രമീകരിക്കേണ്ടതാണ്. രാവിലെ 9 മുതൽ 10 വരെയുള്ള സമയത്തിനിടയ്ക്ക് ക്ലാസ്സുകൾ ആരംഭിക്കാം.

ആദ്യ രണ്ടാഴ്ച ക്ലാസ്സുകൾ ഉച്ചവരെ ക്രമീകരിക്കാം. പൊതുഅവധി ഒഴികെയുള്ള ശനിയാഴ്ചകൾ പ്രവൃത്തിദിവസമായിരിക്കും. കുട്ടികളുടെ എണ്ണം ക്രമീകരിച്ച് നിയന്ത്രിക്കുന്നതിനായി ഓരോ ക്ലാസ്സിലെയും കുട്ടികളെ ബാച്ചുകളായി തിരിക്കാം. കുട്ടികളുടെ എണ്ണം കുറഞ്ഞ സ്കൂളുകളിൽ ബാച്ച് ക്രമീകരണം നിർബന്ധമല്ല. ക്രമീകരണ ചുമതല സ്കൂൾ മേധാവിക്കായിരിക്കും.

ഭൗതിക സാഹചര്യ സാധ്യതയെ അടിസ്ഥാനമാക്കി കോവിഡ് മാനദണ്ഡങ്ങൾക്കനുസൃതമായി വേണം സ്കൂളിൽ എത്തിച്ചേരേണ്ട വിദ്യാർഥികളുടെ എണ്ണം നിശ്ചയിക്കേണ്ടത്. ഓരോ ബാച്ചിനും തുടർച്ചയായി മൂന്നുദിവസം (വിദ്യാർഥികൾ അധികമുള്ള സ്കൂളുകളിൽ രണ്ട് ദിവസം) സ്കൂളിൽ വരാനുള്ള അവസരം ഒരുക്കണം. അടുത്ത ബാച്ച് അടുത്ത മൂന്നു ദിവസമായിരിക്കും സ്കൂളിലെത്തേണ്ടത്. ഒരു ബാച്ചിൽ ഉൾപ്പെട്ട വിദ്യാർഥി സ്ഥിരമായി അതേ ബാച്ചിൽ തന്നെ തുടരേണ്ടതാണ്.

**രക്ഷാകർത്താക്കളുടെ സമ്മതത്തോടെയാവണം കുട്ടികൾ സ്കൂളുകളിൽ എത്തിച്ചേരേണ്ടത്. ക്ലാസ്സുകളിലും ക്യാമ്പസിനകത്തും കുട്ടികൾ കോവിഡ് പ്രോട്ടോക്കോൾ പാലിക്കേണ്ടതാണ്.**

ബാച്ചുകളുടെ ക്രമീകരണം സംബന്ധിച്ച് രക്ഷിതാക്കളുടെ അഭിപ്രായം കൂടി പരിഗണിച്ച് തീരുമാനം കൈക്കൊള്ളാവുന്നതാണ്. ഒരു പ്രദേശത്തു നിന്നുവരുന്ന കുട്ടികളെ കഴിവതും ഒരു ബാച്ചിൽ ഉൾപ്പെടുത്തുന്നതാണ് ഉചിതം. ഭിന്നശേഷിയുള്ള കുട്ടികൾ ആദ്യഘട്ടത്തിൽ വരേണ്ടതില്ല. ഏതെങ്കിലും തരത്തിലുള്ള അസുഖമുള്ള കുട്ടികളും വീട്ടിലെ രോഗികളുമായി സമ്പർക്കമുള്ള കുട്ടികളും സ്കൂളിൽ ഹാജരാകേണ്ടതില്ല. രോഗലക്ഷണം ഉള്ള കുട്ടികൾ (ചുമ, പനി, ജലദോഷം, തൊണ്ടവേദന, മറ്റു കോവിഡ് അനുബന്ധ ലക്ഷണം) പ്രാഥമിക സമ്പർക്കം ഉള്ള/സംശയിക്കുന്ന കുട്ടികൾ/ജീവനക്കാർ, സമ്പർക്കവിലക്കിൽ ഇരിക്കുന്ന കുട്ടികൾ/ജീവനക്കാർ, കോവിഡ് വ്യാപനംമൂലം പ്രാദേശിക നിയന്ത്രണം ഉള്ള സ്ഥലങ്ങളിൽ നിന്നുള്ളവർ എന്നിവർ സ്കൂളിൽ ഹാജരാകേണ്ടതില്ല.



**ഡോ.റീജ വൈ എസ്**
**അധ്യാപിക**
**വി &എച്ച് എസ് എസ് പരുത്തിപ്പള്ളി**

കുട്ടികൾ സ്കൂളിൽ പോകാൻ ആഗ്രഹിക്കുന്നതുപോലെ തന്നെ അധ്യാപകരും സ്കൂൾ അധ്യയനം ആഗ്രഹിക്കുന്നുണ്ട്. മികച്ച മനുഷ്യരായി കുട്ടികളെ വാർത്തെടുക്കാനുള്ള പ്രക്രിയയിൽ ക്ലാസ് റൂമുകൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. കുട്ടികളുടെ സ്വഭാവരൂപീകരണത്തിനും അധ്യാപകരുടെ സജീവമായഇടപെടലുകൾക്കും സ്കൂൾ ഒരു അനിവാര്യതയാണ്



**പാർവണ പ്രദീപ്**
**തുഞ്ചൻ സ്മാരക പബ്ലിക് സ്കൂൾ, മാരായമുട്ടം.**

കൂട്ടുകാർക്കൊപ്പം കളിക്കണം. വീട്ടിലിരുന്ന് ബോറടിച്ചു. ഓൺലൈനിൽ കണ്ട കൂട്ടുകാരെ നേരിട്ട് കാണാൻ കാത്തിരിക്കുകയാണ്. പഠിപ്പിക്കുന്ന ടീച്ചർമാരെയും കാണാൻ കൊതിയാവുന്നു



**പി.എസ് സുരേന്ദ്രൻ**
**പ്രധാന അധ്യാപകൻ**
**ജി.എൽ.പി. സ്കൂൾ സുൽത്താൻപേട്ട, പാലക്കാട്**

കുട്ടികളെ സ്കൂളിൽ വിടുമ്പോൾ പലരുടെയും ഉത്കണ്ഠ വാഹന യാത്രയാണ്. കുട്ടികളിൽ 90% പേരും സ്വന്തം വാഹനങ്ങളിൽ സ്കൂളിൽ എത്തുന്നവരാണ്. ബാക്കിയുള്ളവർക്ക് സ്കൂൾ അധികൃതർ തന്നെ വാഹന സൗകര്യം ഒരുക്കും. അതുകൊണ്ടു തന്നെ സ്കൂൾ പഠനം സുരക്ഷിതമായിരിക്കും

കോവിഡ് ബാധിതർ വീട്ടിലുണ്ടെങ്കിൽ കോവിഡ് പ്രോട്ടോക്കോൾ കൃത്യമായും പാലിക്കേണ്ടതാണ്. നല്ല വായുസഞ്ചാരമുള്ള മുറികൾ /ഹാളുകൾ മാത്രമേ അധ്യാപനത്തിനായി തിരഞ്ഞെടുക്കാവൂ. സാധ്യമാകുന്ന ഘട്ടങ്ങളിൽ തുറന്ന സ്ഥലത്തെ അധ്യയനം പ്രോത്സാഹിപ്പിക്കേണ്ടതാണ്. കുട്ടികളെ സ്കൂളിൽ എത്തിക്കാനും തിരികെ കൊണ്ടു പോകാനുമായി വരുന്ന രക്ഷിതാക്കൾ സ്കൂളിൽ പ്രവേശിക്കാതിരിക്കുന്നതിനും കൂട്ടം കൂടാതിരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

സ്കൂൾ ഉച്ചഭക്ഷണ പദ്ധതി സ്കൂളുകളുടെ സാഹചര്യംകൂടി കണക്കിലെടുത്ത് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് ഇത് നടപ്പിലാക്കേണ്ടതാണ്. ആദ്യത്തെ രണ്ടാഴ്ചയ്ക്ക് ശേഷം ക്ലാസ്സിൽ എത്തിച്ചേരേണ്ട കുട്ടികളുടെ എണ്ണം, ഷിഫ്റ്റ് സമ്പ്രദായം, ഉച്ചഭക്ഷണം തുടങ്ങിയ കാര്യങ്ങളിൽ അവലോകനം നടത്തി വിദ്യാഭ്യാസ വകുപ്പ് ആവശ്യമായ നിർദേശങ്ങൾ നൽകുന്നതാണ്.

മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ തുറന്നു പ്രവർത്തിക്കാവുന്നതാണ്. ഭിന്നശേഷിയുള്ള കുട്ടികൾ പൊതുവിദ്യാലയങ്ങളിൽ ഒന്നാം ഘട്ടത്തിൽ വരേണ്ടതില്ല എന്ന് നിർദേശമുണ്ടെങ്കിലും കാഴ്ച/ശ്രവണ പരിമിതിയുള്ള കുട്ടികൾ മാത്രമുള്ള സ്പെഷ്യൽ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാവുന്നതാണ്. ഹോസ്റ്റലുകൾ തുറന്ന് പ്രവർത്തിക്കുന്നതിനുള്ള പ്രത്യേക മാർഗനിർദേശം പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

സ്കൂൾ തുറക്കുന്നതിന് മുൻപുതന്നെ എല്ലാ അധ്യാപക-അനധ്യാപക ജീവനക്കാരും രണ്ടു ഡോസ് വാക്സിൻ എടുത്തിരിക്കേണ്ടതാണ്. കുട്ടികളെ സ്കൂളിലെത്തിക്കുന്ന വാഹനങ്ങളുടെ ഡ്രൈവർമാർ, സ്കൂൾബസ് ഡ്രൈവർമാർ, മറ്റ് താത്ക്കാലിക ജീവനക്കാർ എന്നിവർ രണ്ട് ഡോസ് വാക്സിൻ എടുത്തിരിക്കേണ്ടതാണ്.

കോവിഡ് വ്യാപനംമൂലം പ്രാദേശികനിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന പ്രദേശങ്ങളിൽ ഡിഡിഎംഎ/ജില്ലാ ഭരണകൂടം/ആരോഗ്യവകുപ്പ് എന്നിവരുടെ നിർദേശാനുസരണം സ്കൂൾ മേധാവികൾ ക്ലാസുകൾ ക്രമീകരിക്കണം.

ദീർഘകാല ഇടവേളയ്ക്കുശേഷം എത്തുന്ന കുട്ടികളെ സ്വീകരിക്കാൻ ക്ലാസും, സ്കൂൾ കാമ്പസ്സും പരിസരവും മനോഹരമായി അലങ്കരിക്കാൻ ശ്രദ്ധിക്കണം. കുട്ടികളുടെ മാനസിക ഉല്ലാസത്തിന് ഇത് സഹായകരമാകും.

സ്കൂൾ സംബന്ധമായ എല്ലാ യോഗങ്ങൾ തുടങ്ങുമ്പോഴും ക്ലാസുകൾ തുടങ്ങുമ്പോഴും കോവിഡ് അനുയോജ്യ പെരുമാറ്റം ഓർമ്മപ്പെടുത്തണം. കുട്ടികൾ കോവിഡ് ജാഗ്രതാനിർദേശങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പുവരുത്തണം. ഇക്കാര്യങ്ങൾ ശ്രദ്ധിക്കാൻ സ്കൂളിൽ ഒരു ഹെൽപ്പ്ലൈൻ ഏർപ്പെടുത്താവുന്നതാണ്.

സ്കൂളുകളിൽ ദീർഘകാല ഇടവേളയ്ക്കുശേഷം എത്തുന്ന കുട്ടികളെ സ്വീകരിക്കാൻ ക്ലാസും, സ്കൂൾ കാമ്പസ്സും പരിസരവും മനോഹരമായി അലങ്കരിക്കാൻ ശ്രദ്ധിക്കണം. കുട്ടികളുടെ മാനസിക ഉല്ലാസത്തിന് ഇത് സഹായകരമാകും.

സ്കൂൾ പരിസരങ്ങളിലും ക്ലാസ്സുകളിലും കോവിഡ് അനുയോജ്യ പെരുമാറ്റരീതികൾ (Covid Appropriate Behaviour) വിവരിക്കുന്ന ബോർഡുകൾ/പോസ്റ്ററുകൾ സ്ഥാപിക്കേണ്ടതാണ്.

സാമൂഹിക/ശാരീരിക അകലം പാലിക്കുന്നത് കുട്ടികളെ ഓർമ്മിപ്പിച്ചുകൊണ്ട് പോസ്റ്ററുകൾ, സ്റ്റിക്കറുകൾ, സൂചനാബോർഡുകൾ എന്നിവ പ്രവേശന കവാടം, ക്ലാസ്സ് റൂമുകൾ, ലൈബ്രറികൾ, കൈകൾ വൃത്തിയാക്കുന്ന ഇടങ്ങൾ, വാഷ്റൂമിന് പുറത്ത്, സ്കൂൾ ബസ് തുടങ്ങിയ



**ഡോ.ബിജുമോൻ പി.എസ്.**
**അധ്യാപകൻ**
**ഗവ. ഗേൾസ് എച്ച് എസ് എസ്,**
**എറണാകുളം**

കുട്ടികളെ സംബന്ധിച്ചിടത്തോളം അവരുടെ ഏറ്റവും വലിയ സമ്പത്ത് കൂട്ടുകാരാണ്. ഓൺലൈൻ ക്ലാസുകളോ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള മികച്ച ക്ലാസുകളോ ഉണ്ടായാലും അത് ഒരിക്കലും ക്ലാസ് മുറികൾക്ക് പകരമാകില്ല



**ശ്രീദേവി എ**
**ഗവ.ടി ടി ഐ മണക്കാട്**

യൂണിഫോമൊക്കെ ഇട്ടു സ്കൂളിൽ പോകാൻ കൊതിയായി. സ്കൂളിൽ എല്ലാം ഓടി നടന്നു കളിക്കണം. സ്കൂളിലെ അസംബ്ലിയിൽ പങ്കെടുക്കണം. സ്കൂളിലെ മത്സരങ്ങളിൽ എല്ലാം പങ്കെടുക്കണം



**ആൻസി അനിൽകുമാർ**
**രക്ഷാകർത്താവ്,**
**ആലപ്പുഴ**

ഓൺലൈൻ ക്ലാസിന് പരിമിതികളുണ്ട്. സ്കൂൾ തുറക്കുന്നതോടെ കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുമെന്നു വിശ്വസിക്കുന്നു. കോവിഡ് പ്രതിരോധം ഉറപ്പാക്കാൻ അധ്യാപകർ ജാഗ്രത പുലർത്തണം



**ടി. വിൽസൺ,**
**പ്രിൻസിപ്പൽ**
**GHSS ഓമല്ലൂർ, പത്തനംതിട്ട.**

കുട്ടികളിലെ ഓൺലൈൻ പഠനത്തിന്റെ ശാരീരികവും വൈകാരികവുമായ പ്രത്യാഘാതങ്ങളെക്കുറിച്ച് മാതാപിതാക്കൾ ആശങ്കാകുലരായിരുന്നു. കാരണം സ്കൂൾ സാമൂഹ്യവത്ക്കരണകല പഠിക്കുന്ന ഒരു മിനിയേച്ചർ സമൂഹമാണ്



**ശ്രേയ അനിൽകുമാർ**
**സെന്റ് അഗസ്റ്റിൻസ്**
**എച്ച്.എസ്.എസ്. അരൂർ**

എസ്.എസ്.എൽ.സി പരീക്ഷയെക്കുറിച്ച് ആശങ്കകളുണ്ട്. ക്ലാസ് മുറിയിൽ അധ്യാപകരുടെ മുന്നിലിരുന്ന് പഠിക്കുമ്പോൾ പരീക്ഷയെഴുതാൻ കൂറേക്കൂടി ആത്മവിശ്വാസം ലഭിക്കും



**ആതിര മോഹൻ**
**അധ്യാപിക, ഗവൺമെന്റ്**
**യു.പി സ്കൂൾ അയ്യർകുളങ്ങര**

പ്രൈമറി സ്കൂളിലെ കുഞ്ഞുങ്ങൾ പുറം ലോകവുമായി ഒരു ബന്ധവുമില്ലാതെ, കൂട്ടുകാരെ നേരിൽ കാണാൻ കഴിയാതെ ഏറെ മാനസിക ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. മികച്ച രീതിയിൽ പഠനം മുന്നോട്ടു കൊണ്ടുപോകാനുമുള്ള അവസരമാണ് ഇനി അവർക്ക് ലഭ്യമാകുന്നത്

ഇടങ്ങളിൽ പതിക്കണം. കുടിവെള്ളം ലഭ്യമാകുന്ന സ്ഥലം, കൈകൾ കഴുകുന്ന സ്ഥലം, വാഷ്റൂം തുടങ്ങിയ ഇടങ്ങളിൽ കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ച് നിശ്ചിത അകലത്തിൽ അടയാളപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

കുട്ടികൾ ഇടപഴകുന്ന എല്ലായിടങ്ങളും അണുവിമുക്തമാക്കേണ്ടതാണ്. ഉചിതമായ സ്ഥലങ്ങളിൽ സോപ്പും വെള്ളവും ലഭ്യമാക്കേണ്ടതാണ്.

മാസ്ക്, സാനിറ്റൈസർ തുടങ്ങിയവയുടെ കരുതൽ ശേഖരം സ്കൂളുകളിൽ ഉണ്ടായിരിക്കേണ്ടതാണ്. സ്കൂൾ കവാടത്തിൽ തെർമൽ സ്കാനിങ്ങിനുള്ള സൗകര്യം ഒരുക്കണം. കവാടത്തിൽ തിരക്ക് ഉണ്ടാകാത്ത വിധത്തിൽ മതിയായ എണ്ണം ഉപകരണങ്ങളും ജീവനക്കാരും ഉണ്ടാകണം. ദിവസവും ക്ലാസ് മുറികൾ അണുവിമുക്തമാക്കേണ്ടതാണ്. ശുചിമുറികൾ കൃത്യമായ ഇടവേളകളിൽ അണുവിമുക്തമാക്കേണ്ടതാണ്.

കുട്ടികൾ കുടിവെള്ളം വീടുകളിൽ നിന്നും കൊണ്ടു വരേണ്ടതാണ്. സ്കൂളിലെ പൊതുവായ കുടിവെള്ള സൗകര്യം ഉപയോഗിക്കുന്ന സാഹചര്യങ്ങളിൽ പേപ്പർ കപ്പുകൾ ക്രമീകരിക്കേണ്ടതാണ്. സ്റ്റാഫ് റൂമിലും ലഭ്യമായ മറ്റ് മുറികളിലും/ഹാളുകളിലും അധ്യാപകർക്ക് മതിയായ അകലത്തിൽ സീറ്റുകൾ നിശ്ചയിക്കേണ്ടതാണ്. ■



മുഹമ്മദ് റംഷാദ്

വിദ്യാഭ്യാസ മാർഗരേഖ

# ക്ലാസുകളിൽ ബയോബബിൾ സംവിധാനം

## നേരിട്ട് എത്താത്തവർക്ക് ഡിജിറ്റൽ പഠനം

ഒരു ക്ലാസിൽ പഠിക്കുന്ന ആറ് മുതൽ 10 വരെയുള്ള കുട്ടികളുടെ കൂട്ടമാണ് ബയോബബിൾ. ഇവർ മാത്രമേ പരസ്പരം അടുത്ത് ഇടപെടാൻ പാടുള്ളൂ. ഒരു പ്രദേശത്തു നിന്നു തന്നെ വരുന്നവരാണെങ്കിൽ അവരുടെ യാത്രയടക്കം ഒരുമിച്ച് ആസൂത്രണം ചെയ്യാം. അതായത് ഒരു ക്ലാസ്സിൽ രണ്ടോ മൂന്നോ ബയോബബിളുകൾ ഉണ്ടാകാം. ബയോബബിളിൽ കുട്ടികളുടെ എണ്ണം എത്രകണ്ട് പരിമിതപ്പെടുത്താമോ അത്രകണ്ട് നല്ലതാണ്. ഒരു ബയോബബിളിലെ കുട്ടികൾ മറ്റൊരു ബയോബബിളിലെ കുട്ടികളുമായി ഒരു കാരണവശാലും അടുത്തിടപെടാൻ പാടുള്ളതല്ല. പരിമിതി ഏറെയുണ്ടെങ്കിലും രോഗത്തെ പ്രതിരോധിക്കാനുള്ള ഒരു മാർഗമായി ബയോബബിളിനെ പ്രയോജനപ്പെടുത്താം.

പ്രൈമറിതലത്തിൽ അധ്യാപകർ കഴിയുന്നത്ര ബയോബബിളിന്റെ ഭാഗമാകേണ്ടതാണ്. ക്ലാസ്സുകൾക്ക് നൽകുന്ന ഇന്റർവെൽ, സ്കൂൾ ആരംഭിക്കുന്ന സമയം, സ്കൂൾ വിടുന്ന സമയം എന്നിവയിൽ ചെറിയ വ്യത്യാസങ്ങൾ വരുത്തി ടോയ്‌ലറ്റുകൾ, സ്കൂൾ ഗേറ്റുകൾ എന്നിവിടങ്ങളിലെ കൂട്ടം ചേരലും ഒഴിവാക്കണമെന്നും വിദ്യാഭ്യാസ നയരേഖയിൽ പറയുന്നു. ക്ലാസ്സ് റൂമിലും സ്കൂളിന്റെ പരിസരങ്ങളിലും കുട്ടികളോ ജീവനക്കാരോ യാതൊരു കാരണവശാലും കൂട്ടംകൂടരുത്. പ്രവൃത്തിദിനങ്ങളിൽ എല്ലാ അധ്യാപകരും സ്കൂളിൽ ഹാജരാകണം. സുരക്ഷാക്രമീകരണ ജോലികളിൽ എല്ലാ അധ്യാപകരും ഏർപ്പെടണം.

കുട്ടികളെ പഠനോപകരണങ്ങൾ, ഭക്ഷണം, കുടിവെള്ളം എന്നിവ യാതൊരു കാരണവശാലും പങ്കുവയ്ക്കുവാൻ അനുവദിക്കരുത്. ഒന്നിലധികം പേർ ഉപയോഗിക്കാൻ സാധ്യതയുള്ള ഉപകരണങ്ങൾ ഓരോ കുട്ടിയുടെ ഉപയോഗത്തിനുശേഷവും അണുവിമുക്തമാക്കണം. പ്രാക്ടിക്കൽ ക്ലാസ്സുകൾ ചെറിയ ഗ്രൂപ്പുകളായി മാത്രമേ നടത്താവൂ. അതിനൊപ്പം ക്ലാസ്സ് റൂമുകൾ, ഹാളുകൾ എന്നിവ പൂർണ്ണമായി തുറന്നിടുകയും വായുസഞ്ചാരം ഉറപ്പാക്കുകയും വേണം. അടുത്തിടപഴകേണ്ട കായികവിനോദങ്ങൾ, സ്കൂൾ അസംബ്ലി, ഒരുമിച്ചിരുന്നുള്ള ഭക്ഷണം കഴിക്കൽ തുടങ്ങിയവക്കും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

**സ്കൂളിൽ നേരിട്ട് എത്തിച്ചേരാൻ സാധിക്കാത്ത കുട്ടികൾക്ക് നിലവിലുള്ള ഡിജിറ്റൽ പഠനരീതി തുടരാം**

സ്കൂളിൽ നേരിട്ട് എത്തിച്ചേരാൻ സാധിക്കാത്ത കുട്ടികൾക്ക് നിലവിലുള്ള ഡിജിറ്റൽ പഠനരീതി തുടരാം.

സ്കൂളിൽ അതാത് ദിവസങ്ങളിൽ വരാത്തവർക്കു വേണ്ടിയുള്ള പഠനപിന്തുണ പ്രവർത്തനങ്ങൾ വിവിധ രീതികളിൽ അധ്യാപകർ തുടരേണ്ടതാണന്നും ആരോഗ്യ നയരേഖയിൽ നിർദേശിക്കുന്നു.■



**സിദ്ധാർത്ഥ് ബി**
**GVHSS ചാത്തന്നൂർ കൊല്ലം**

ഗൂഗിൾ മീറ്റിൽ വീഡിയോ ഓൺ ചെയ്യാത്തതിനാൽ ആരുടെയും മുഖം കാണാനായിട്ടില്ല. മാസ്ക്കൊക്കെ വച്ച് സാമൂഹിക അകലം പാലിച്ച് ഇരുന്നോളാം. എത്രയും വേഗം സ്കൂൾ തുറന്നാൽ മതി



**എം.എസ്. അരുൺകുമാർ**
**രക്ഷാകർത്താവ്, കഞ്ഞിക്കുഴി, ആലപ്പുഴ**

അധ്യാപകരും കൂട്ടുകാരുമൊക്കെ ചേർന്ന അന്തരീക്ഷത്തിലാണ് കുട്ടികളുടെ വിദ്യാഭ്യാസം മുന്നോട്ടു പോകേണ്ടത്. അതുകൊണ്ടുതന്നെ ആശങ്കകൾ ഉണ്ടെങ്കിലും സുരക്ഷാ ക്രമീകരണങ്ങൾ പാലിച്ച് സ്കൂളുകളിൽ തന്നെ ക്ലാസ് നടക്കണം എന്നാണ് അഗ്രഹിക്കുന്നത്



**ധന്യ ജോബിൻസ്**
**അധ്യാപിക, സി.എം.എസ്.എച്ച്.എസ് തലവടി, ആലപ്പുഴ**

വിദ്യാഭ്യാസം ഫലപ്രദമാകുന്നതിന് പഠനം ക്ലാസ് മുറികളിൽ തന്നെ നടക്കണം. അമ്മയും അധ്യാപികയും എന്ന നിലയിൽ കുട്ടികളുടെ ആരോഗ്യത്തിൽ ആശങ്കയുണ്ട്. എങ്കിലും അവരുടെ ഭാവി ഓർക്കുമ്പോൾ സ്കൂൾ തുറക്കുന്നതിനെ പൂർണമായും സ്വാഗതം ചെയ്യുന്നു






**ആവണി പി വി**
**ഐ എം എൻ എസ് ജി എച്ച് എസ് എസ് ,മയ്യിൽ**

സ്കൂൾ തുറക്കണം എന്ന് തന്നെയാ ആഗ്രഹം. വീട്ടിൽ ഇരുന്നു പഠിച്ച് മടുപ്പ് വന്നു. ഓൺലൈൻ ക്ലാസ്സ് ആവുമ്പോൾ കണക്ക്, ഫിസിക്സ് വിഷയങ്ങളിൽ എപ്പോഴും വ്യക്തത കുറവുണ്ട്. സ്കൂൾ തുറന്നാൽ അധ്യാപകരെ കണ്ട് നേരിട്ട് സംശയം തീർക്കാം. ക്ലാസ്സ് കൂടുതൽ ലൈവ് ആവും



**കെ സന്തോഷ്**
**രക്ഷിതാവ്**
**മയ്യിൽ, കണ്ണൂർ**

എൽ പി ക്ലാസുകൾ പിന്നീട് തുറന്നാൽ മതി. വലിയ കുട്ടികൾക്ക് കൊവിഡിനെപ്പറ്റി ധാരണയുണ്ട്. എന്നാൽ ചെറിയ കുട്ടികൾ അങ്ങനയല്ല. രോഗം വരാതിരിക്കാൻ എത്രമാത്രം ശ്രദ്ധിക്കണം എന്നുള്ളത് അവർക്ക് അറിയില്ല



**പി.സി. അന്നമ്മ**
**പ്രധാന അധ്യാപിക,**
**ഗവൺമെന്റ് ഹൈ സ്കൂൾ**
**പൊള്ളേത്തൈ**

സ്കൂളുകൾ തുറക്കുമ്പോൾ വിദ്യാർഥികൾക്ക് ആരോഗ്യസുരക്ഷയും മാനസിക പിന്തുണയും നൽകുക എന്ന വലിയ ഉത്തരവാദിത്വം അധ്യാപകർക്കുണ്ട്. ആരോഗ്യസുരക്ഷാ ക്രമീകരണങ്ങൾ അനുസരിക്കാനും കോവിഡ് മാനദണ്ഡങ്ങൾ പാലിക്കാനും കുട്ടികളെ രക്ഷിതാക്കൾ പരിശീലിപ്പിക്കണം




# സമകാലിക ജനപഥം

# PULLOUT BOOKLET

## സ്പെഷ്യൽ

പൗരന്മാർക്ക് വിവിധ സർട്ടിഫിക്കറ്റുകളും / സേവനങ്ങളും നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചും അപേക്ഷകളിൽ അനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ സുഗമമാക്കിയും സർക്കാർ ചരിത്രപരമായ ചുവടുവയ്പ്പ് നടത്തുകയാണ്. വിവിധ സർട്ടിഫിക്കറ്റുകൾ ലഭിക്കാൻ അപേക്ഷാഫീസ് തന്നെ ഒഴിവാക്കി സർക്കാർ ജനങ്ങളോടുള്ള പ്രതിജ്ഞാബദ്ധത നിറവേറ്റുകയാണ്.

കോവിഡ് പ്രതിസന്ധിയുടെ കാലത്ത് ഓഫീസുകൾ കയറിയിറങ്ങാതെ വിവിധ വകുപ്പുകളുടെ 500ൽ അധികം സേവനങ്ങളും സർക്കാർ ഒരു ഏകീകൃത പോർട്ടലിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. പോർട്ടലിലൂടെ ലഭ്യമാവുന്ന സേവനങ്ങൾ ഒരു കൈപ്പുസ്തകമായി ഉപയോഗിക്കാനാവും വിധമാണ് ജനപഥം അവതരിപ്പിക്കുന്നത്. മറ്റാരെയും ആശ്രയിക്കാതെ തന്നെ സർക്കാർ സേവനങ്ങൾക്കു അപേക്ഷിക്കാൻ ഈ പുസ്തകം ഉപകരിക്കട്ടെ .

## അടുത്ത 10 പേജുകൾ കൊണ്ട് ബുക്ക്‌ലെറ്റ് തയ്യാറാക്കാനുള്ള ചിത്രങ്ങളാണ് ചുവടെ.

1 ജനപഥത്തിന്റെ നടുവിലുള്ള 10 പേജുകൾ കൂട്ടിപ്പിടിച്ച് അടർത്തി എടുക്കുക



2 ചിത്രത്തിൽ കാണുമ്പോലെ കുത്തിട്ട വരികളിലൂടെ നടുവേ മടക്കുക



3 മടക്കു വരുന്ന വശത്ത് ഇരുഭാഗങ്ങളിലായി സ്റ്റേപ്ലർ ക്ലിപ്പ് ചെയ്തു ഉറപ്പിക്കുക.



4 ബുക്ക് ലെറ്റിന്റെ താഴ്ഭാഗം കുത്തിട്ട വരകളിലൂടെ മുറിച്ചു മാറ്റുക




ഇൻഫർമേഷൻ
പബ്ലിക്റിലേഷൻസ് വകുപ്പ്
കേരള സർക്കാർ
വിവിധ സർക്കാർ വകുപ്പിന്റെ
സേവനങ്ങൾ തേടി
ഇനി
പലവഴി
അലയേണ്ട
സേവനങ്ങളെല്ലാം
വിരൽത്തുമ്പിൽ
KERALA SERVICE PORTAL
സർവ്വീസ് പോർട്ടൽ
KERALA SERVICE PORTAL
മൊബൈൽ ആപ്പ്
ലോഗിൻ ചെയ്യൂ
www.services.kerala.gov.in
അല്ലെങ്കിൽ പ്ലേ സ്റ്റോറിൽ നിന്ന് ഡൗൺലോഡ് ചെയ്യൂ
m-സേവനം മൊബൈൽ ആപ്പ്


www.facebook.com/samakalikajanapadham/
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ
സമകാലിക
ജനപഥം
ഇ-സേവനം
People's Plan : Stepping towards complete democracy
സർക്കാർ
അത്രമേൽ
അരികത്ത്
ജനപഥം
സ്പെഷ്യൽ
കൈപ്പുസ്തകം
QR കോഡ്
സ്കാൻ ചെയ്യൂ



# സേവനങ്ങൾ ഒരൊറ്റ ക്ലിക്കിൽ

പിണറായി വിജയൻ
മുഖ്യമന്ത്രി

സർക്കാർ സേവനങ്ങൾ ജനങ്ങളുടെ അവകാശമാണ്. അതുകൊണ്ടുതന്നെ ഓഫീസുകൾ കയറിയിറങ്ങാതെയും ഉദ്യോഗസ്ഥരെ മാറിമാറി കാണാതെയും സേവനങ്ങൾക്ക് അപേക്ഷാ ഫീസ് നൽകാതെയും അധികം നടപടിക്രമങ്ങൾ ഇല്ലാതെയും ജനങ്ങൾക്ക് അവകാശപ്പെട്ടവ ലഭിക്കണം. ഈ കാഴ്ചപ്പാടാണ് ഓൺലൈൻ സേവനങ്ങൾ വികസിപ്പിക്കുവാൻ സർക്കാരിനെ പ്രേരിപ്പിക്കുന്നത്. പൊതുജനങ്ങൾ സർക്കാർ ഓഫീസുകളിലേക്ക് എത്തുന്നതിനുപകരം സർക്കാരിന് എങ്ങനെ അവരിലേക്ക് എത്തിച്ചേരാം എന്ന ആശയത്തിലൂന്നിയാണ് അത് പ്രാവർത്തികമാകുന്നത്.

അതിന്റെ ഭാഗമാണ് ഇ-സേവനങ്ങളും വാതിൽപ്പടി സേവനങ്ങളും. യന്ത്രവത്കരണവും സാങ്കേതിക വിദ്യയും കടന്നുവരുന്നത് മറ്റു പല ആശങ്കകൾക്കും ഇടയാക്കിയിരുന്നു.

മറ്റൊരു പ്രധാന പ്രശ്നം പ്രവാസികളുടേതാണ്. അവർ ജോലി ചെയ്തു ജീവിക്കുന്ന രാജ്യങ്ങളിലെ സമയക്രമം നമ്മുടേതിൽ നിന്ന് വ്യത്യസ്തമാണ്. അവധി ദിവസങ്ങളിൽ വരെ മാറ്റമുണ്ട്. അവർക്ക് ഏതെങ്കിലും അടുത്ത ബന്ധുവിനു വേണ്ടിയോ അല്ലെങ്കിൽ സ്വന്തം കാര്യത്തിനു തന്നെയോ സർക്കാർ സംവിധാനത്തെ ആശ്രയിക്കേണ്ടി വരുന്നത് പലപ്പോഴും വലിയ ബുദ്ധിമുട്ടാണ്. ഇത്തരം പ്രശ്നം പരിഹരിക്കുന്നതിനുള്ള എളുപ്പവഴികളും കുറുക്കുവഴികളും പലപ്പോഴും അവർക്കു തന്നെ വലിയ കെണി ആവുകയും ചെയ്യുന്നതായി വാർത്തകൾ ഉണ്ട്.

ഓൺലൈൻ സേവനങ്ങൾ കുറേക്കൂടി ലളിതമാകുമ്പോൾ കേരളത്തിലെ ഓഫീസുകൾ ഇടവേളയില്ലാതെ രാപകൽ പ്രവർത്തിക്കുന്ന തരത്തിലാകും. പ്രവാസികൾക്കും ആശ്വാസമാകും.

അതായത് സർക്കാർ ഓഫീസുകളുമായി 24 മണിക്കൂറും എവിടെ നിന്നു വേണമെങ്കിലും ബന്ധപ്പെടാൻ കഴിയുന്ന സംവിധാനം ഒരുങ്ങിയാൽ അഴിമതി, കാലതാമസം, കാര്യക്ഷമതയില്ലായ്മ തുടങ്ങിയ പരാതികൾ വലിയൊരളവ് ഒഴിവാകും എന്ന കാര്യം ഉറപ്പാണ്.

എല്ലാ വകുപ്പുകളുടേയും ഓൺലൈൻ സേവനങ്ങൾ ഉൾപ്പെടുത്തി 'ഇ- സേവനം' (e-sevanam )എന്ന പേരിൽ സർക്കാർ ഒരുക്കിയിട്ടുള്ള ഏകീകൃത പോർട്ടൽ ഈ രംഗത്തെ മികച്ച ചുവടുവയ്പാണ്. ഈ വെബ് സൈറ്റിലൂടെ ആദ്യഘട്ടത്തിൽ വിവിധ വകുപ്പുകളുടെ 500ലധികം സേവനങ്ങൾ ലഭ്യമാകുകയാണ്. വകുപ്പിന്റെയും ഉപഭോക്തൃവിഭാഗങ്ങളുടെയും അടിസ്ഥാനത്തിൽ സേവനങ്ങളെ രണ്ടായി തിരിച്ചാണ് പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ അക്ഷരമാലക്രമത്തിലും ലഭ്യമാണ്. ഇതിനു പുറമേ, 450 സേവനങ്ങൾ ഉൾപ്പെടുത്തിയ എം-സേവനം ( m -sevanam ) എന്ന മൊബൈൽ ആപ്പും തയ്യാറായിട്ടുണ്ട്.

സർക്കാർ സംവിധാനങ്ങൾ പൂർണമായും ഓൺലൈൻ ആക്കാനുള്ള നടപടികളുടെ തുടക്കമാകണം ഇത്തരം ഇ-സേവനങ്ങൾ. ആശുപത്രികളുടെ പ്രവർത്തനം വരെ ഇതിന്റെ പരിധിയിൽ കൊണ്ടുവരാൻ സാധിക്കുമെന്നതാണ് ഇതിന്റെ സവിശേഷത. എന്നാൽ ഇപ്പോഴുള്ള ഇ-സേവനം വൈകാതെ എം-സേവനത്തിന് വഴി മാറുമെന്ന കാര്യം ഉറപ്പാണ്. കാരണം ഔദ്യോഗിക കാര്യങ്ങൾക്കും പഠനാവശ്യങ്ങൾക്കും മാത്രം എന്ന നിലയിലേക്ക് ലാപ് ടോപ്/ ഡെസ്ക്ടോപ്പ് ഉപയോഗം ചുരുങ്ങിയിരിക്കുകയാണ്. മൊബൈൽ ഫോൺ ഉപയോഗം വ്യാപകമായ സാഹചര്യത്തിൽ എം-സേവനത്തിൽ ഉള്ള സർവീസുകളുടെ എണ്ണം കൂട്ടാനും മൊബൈൽ ഫോണിലേക്ക് എത്താനുമുള്ള നടപടികൾ വേഗത്തിലാക്കിയേ പറ്റൂ. വിവിധ വിഭാഗത്തിൽ പെട്ടവർക്ക് ഹോം പേജിൽ നിന്നുതന്നെ വ്യത്യസ്തമായ നാവിഗേഷൻ സംവിധാനവും സജ്ജമാക്കാവുന്നതാണ്.

ഓഫീസുകളിൽ ആളുകളുടെ എണ്ണം കുറയുമ്പോൾ സർക്കാർ സംവിധാനം ചുവപ്പുനാടയുടെ കെട്ടഴിഞ്ഞുവീണ് സമയബന്ധിതമാവുകയും അങ്ങനെ അഴിമതിയുടെ സാധ്യതകൾ കുറച്ച്, കൂടുതൽ ഉത്തരവാദിത്വമുള്ള, മെച്ചപ്പെട്ട ഒന്നായി മാറുകയും ചെയ്യും. ഇത് സിവിൽ സർവീസും ജനങ്ങളുമായുള്ള ബന്ധം മെച്ചപ്പെടുത്താനും അതിലൂടെ നാടിനെക്കുറിച്ചുള്ള പ്രതിച്ഛായ തന്നെ മാറ്റാനും ഉപകരിക്കും.



# E സേവനത്തിൽനിന്നും M സേവനത്തിലേക്ക്

**ചന്ദ്രകാന്ത് വിശ്വനാഥ്**
മാധ്യമ പ്രവർത്തകൻ

നമുക്ക് പരിചിതമായ ഒരു പരസ്യം തുടങ്ങുന്നതു പോലെ ചോദിച്ചാൽ 'ആരാണ് സന്തോഷം ആഗ്രഹിക്കാ ത്തത്?' അതിന് വലിയ വില കൊടുക്കേണ്ടി വരും എന്ന ആ ഉത്തരം തന്നെയാണ് ഇവിടെയും പറയാൻപറ്റുക. കാരണം സന്തോഷമായി ഇരിക്കാൻ ഏറ്റവും അത്യാവശ്യമായി വേണ്ടത് ധനം തന്നെ ആണെന്നാ യിരിക്കും മിക്കവരുടെയും ഉത്തരം. എന്നാൽ ധനസമ്പാദനം അത്ര എളുപ്പമുള്ള ഒന്നല്ല. പക്ഷെ നമ്മുടെ യെല്ലാം കയ്യിൽ ഉള്ളതും അധികം പേർക്കും ശരിയായി വിനിയോഗിക്കാൻ കഴിയാത്തതുമായതിനാൽ പാഴായി പോകുന്നതുമായ അമൂല്യമായ മറ്റൊരു ധനം ഉണ്ട്. സമയം. ജീവിതം ആയാസരഹിതമാക്കാനും അങ്ങനെ ഈ സമയ ധനം ഫലപ്ര ദമായി ഉപയോഗിക്കാനുമാണ് ആധുനിക മനുഷ്യൻ യന്ത്രങ്ങളുടെയും സാങ്കേതിക വിദ്യയുടെയും സഹായം തേടുന്നത്. കമ്പ്യൂട്ടർവത്ക്കരണത്തോടെ ഇത് ജീവിതത്തെ വളരെയേറെ സ്വാധീനിച്ചു തുടങ്ങി. എന്നാൽ ഭക്ഷണം വാങ്ങാൻ മുതൽ സിനിമ കാണാൻ വരെ ആപ്പുകൾ ഉപയോഗിക്കുമ്പോഴും പല കാര്യങ്ങൾക്കും സാങ്കേതികവിദ്യയെ നാം ഫലപ്രദമായി വിനിയോഗിക്കുന്നു എന്ന് പറഞ്ഞു കൂടാ. ഇതിൽ മുഖ്യമാണ് നാം ഏറെ ആശ്രയിക്കുന്ന സർക്കാർ സേവനങ്ങൾ. അത് നേ ടിയെടുക്കാനുള്ള പ്രയാസങ്ങളെ ചുവപ്പുനാടയുടെ കാലതാമസം എന്നൊക്കെ നാം വ്യാഖ്യാനിക്കാറുണ്ട്.

അതുകൊണ്ടുതന്നെ സർക്കാർ സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുക യെന്നതാണ് പ്രധാനം. എന്നാൽ പലർക്കും എന്ത് ചെയ്താലും 'സർക്കാർ കാര്യം മുറപോലെയേ' നടക്കൂ എന്നൊരു മുൻവിധിയുണ്ട്. ജീവനക്കാരെക്കുറിച്ചുള്ള മുൻവിധിയൊടൊപ്പം

ഭിന്നശേഷിക്കാർ, വയോജനങ്ങൾ മറ്റു അവശതകൾ അനുഭവിക്കുന്നവർ എന്നിവർക്കാണ് വാതിൽപ്പടി സേവനങ്ങൾ ആദ്യം ലഭ്യമാകുന്നതെങ്കിൽ 500 ലധികം സേവനങ്ങളാണ് ഏകീകൃത സർവീസ് പോർട്ടലിലൂടെ പൊതുജനങ്ങൾക്കാകെ ലഭ്യമാകുന്നത്.

വിവിധ സേവനങ്ങൾക്കും സർട്ടിഫിക്കറ്റുകൾക്കുമുള്ള അപേക്ഷാ ഫീസും സർക്കാർ ഒഴിവാക്കുകയാണ്. അപേക്ഷാ ഫോമുകൾ ഇനി ലളിതമായിരിക്കും. അവ ഒരു പേജിലേക്ക് പരിമിതപ്പെടും. പരമാവധി സേവനങ്ങൾ ഓൺലൈനായി നൽകും. വിവിധ സർട്ടിഫിക്കറ്റുകൾക്കായി പണവും സമയവും ചെലവഴിച്ച് പൊതുജനങ്ങൾ സർക്കാർ ഓഫീസുകളിൽ കയറിയിറങ്ങുന്നത് അവസാനിപ്പിക്കാനാണ് ഈ നടപ ടികളിലൂടെ ലക്ഷ്യമിടുന്നത്.

പൊതുജനങ്ങൾക്ക് സൗകര്യപ്രദമായി ഉപയോഗിക്കാൻ കഴിയുന്ന വിധത്തിൽ സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടലും നവീകരിച്ചിരിക്കുകയാണ്. സാധാരണ പൗരന്മാർക്ക് സർക്കാർ നൽകുന്ന സേവനങ്ങളും ആനുകൂല്യങ്ങളും, നടപ്പാക്കുന്ന പദ്ധതികളും, പുറത്തിറക്കുന്ന പ്രസിദ്ധീകരണങ്ങളും അറിയിപ്പുകളും ഒരു പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ഈ പോർട്ടൽ നവീകരിച്ചത്. വിരൽത്തുമ്പിൽ കാര്യങ്ങൾ ചെയ്തു ശീലിക്കുന്ന നമ്മുടെ പുതുതലമുറയ്ക്ക് ഇതോടെ സർക്കാരുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും ഈ പോർട്ടലിൽ നിന്നും ലഭിക്കും. സേവനങ്ങൾ എങ്ങനെ എവിടെ കിട്ടും എന്നതിനെ സംബന്ധിച്ച അവ്യക്തതകൾ ഇതോടെ അവസാനിക്കുകയാണ്. അതിനൊപ്പം സേവനങ്ങൾക്ക് അപേക്ഷിക്കാൻ മറ്റൊരാളെ ആശ്രയിക്കുന്നതും ഒഴിവാക്കാനാകും.




പ്രതിസന്ധിയുടെ കാലത്തും ഈ രീതിയിൽ ജനങ്ങൾക്ക് സേവനം എന്ന അവകാശം അനായാസം ലഭ്യമാക്കുമ്പോൾ മാത്രമേ ജനാധിപത്യം പൂർണ്ണമാവുകയുള്ളൂ എന്നാണ് സർക്കാർ കരുതുന്നത്. അതിനായുള്ള പ്രയാണത്തിൽ ജനങ്ങളുടെ സഹകരണം തന്നെയാകട്ടെ സർക്കാരിനുള്ള പ്രോത്സാഹനം.




# മുഖ്യമന്ത്രിയ്ക്ക് പരാതി അപേക്ഷ നൽകാം

ലോകത്തിന്റെ ഏത് കോണിൽ നിന്നും, ഏത് സമയത്തും cmo.kerala.gov.in ലൂടെയും സെക്രട്ടേറിയറ്റിലെ Straight Forward കൗണ്ടറിലൂടെയും തപാൽ മാർഗ്ഗം ഉപയോഗിച്ചും മുഖ്യമന്ത്രിക്ക് നേരിട്ട് പരാതി നൽകാനാവും. എല്ലാ മാർഗ്ഗങ്ങൾക്കും തുല്യ പരിഗണനയാണ് സർക്കാർ നൽകുന്നത്. നൽകുന്ന പ രാതിയുടെ തൽസ്ഥിതി അറിയാനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. പോലീസ് സ്റ്റേഷനുകൾ, വില്ലേജ് ഓഫീസുകൾ, ഗ്രാമ/ജില്ലാ പഞ്ചായത്തുകൾ, ബ്ലോക്ക് ഓഫീസുകൾ, കൃഷി ഭവനുകൾ, പൊതുമേഖല, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, സർവ്വകലാശാലകൾ ഉൾപ്പെടെ 12,000-ലധികം വരുന്ന ഓഫീസുകളും സ്ഥാപനങ്ങളും മുഖ്യമന്ത്രിയുടെ പരാതി പരിഹാര ശൃംഖലയുടെ ഭാഗമാണ്. അതുകൊണ്ട് തന്നെ ലഭിക്കുന്ന പരാതികൾ

### മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് പ്രകാരം രജിസ്ട്രേഷൻ

https://lcas.lc.kerala.gov.in/office/onlinehome.php
രേഖകൾ: ആർസി ബുക്ക്

### ബിൽഡിങ് ആന്റ് കൺസ്ട്രക്ഷൻ വർക്കേഴ്സ് പ്രകാരം രജിസ്ട്രേഷൻ

https://lcas.lc.kerala.gov.in/office/onlinehome.php

### മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട്പ്രകാരം രജിസ്ട്രേഷൻ പുതുക്കൽ

https://lcas.lc.kerala.gov.in/office/onlinehome.php
ആവശ്യമായ രേഖകൾ: ആർസി ബുക്ക്

### ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ ആക്ട്പ്രകാരം രജിസ്ട്രേഷൻ

https://lcas.lc.kerala.gov.in/office/onlinehome.php
രേഖകൾ: കരാറുകാരുടെ പട്ടിക

### മൈഗ്രന്റ് വർക്ക്മെൻ ആക്ട്പ്രകാരം കോൺട്രാക്ടർ ലൈസൻസ്

https://lcas.lc.kerala.gov.in/office/onlinehome.php
രേഖകൾ: മുഖ്യ തൊഴിലുടമയിൽ നിന്നുള്ള ഫോം IV ലെ സർട്ടിഫിക്കറ്റുകൾ, തൊഴിലുടമയും കരാറുകാരനും തമ്മിലുള്ള കരാറിന്റെ പകർപ്പ്

### ജലവാഹനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്

https://www.portinfo.kerala.gov.in/
രേഖകൾ: വിലാസം തെളിയിക്കുന്നത്, ഇൻഷുറൻസ് സർട്ടിഫിക്കറ്റ്, അപേക്ഷകന്റെ ഐഡി പ്രൂഫ്, വെസ്സലിന്റെ സർവേ സർട്ടിഫിക്കറ്റ്, ഫോം 12 അപേക്ഷ, എഞ്ചിൻ ഡിസ്ക്രിപ്ഷൻ, മലിനീകരണ നിയന്ത്രണ ബോർഡ് സർട്ടിഫിക്കറ്റ്, ഫീസ് വിശദാംശങ്ങൾ, പ്രഖ്യാപനം

### പൊതുമരാമത്ത് വകുപ്പ് കരാർ ലൈസൻസ് പുതുക്കൽ

https://contractors.kerala.gov.in/contractorportal/
രേഖകൾ: ആദായ നികുതി റിട്ടേണുകൾ, സുരക്ഷാ നിക്ഷേപ സർട്ടിഫിക്കറ്റ്, പുതുക്കിയ കോൺട്രാക്ടർമാരുടെ വർക്ക് രജിസ്റ്ററിന്റെ എക്സ്ട്രാക്ട്, സാമ്പത്തിക ശേഷി സർട്ടിഫിക്കറ്റ്, ട്രെൻഡിംഗ് അതോറിറ്റിയിൽ നിന്നുള്ള സർട്ടിഫിക്കറ്റ്

**തയ്യാറാക്കിയത്: സംഗീത. ഒ, സജ്ഞന സുനിൽ**

ചുരുങ്ങിയ സമയത്തിനുള്ളിൽ ഉത്തരവാദിത്തപ്പെട്ട ഓഫീസുകളിൽ എത്തിക്കാനും പരിഹാരം കാണാനും കഴിയുന്നു.**cmo.kerala.gov.in**

അപേക്ഷകന്റെ പേര്, മൊബൈൽ നമ്പർ, ഇ മെയിൽ ID എന്നിവ നൽകി ഒരു തവണ രജിസ്റ്റർ ചെയ്താൽ, പിന്നീട് ആ User Name- ഉം, Password-ഉം ഉപയോഗിച്ച് മുഖ്യമന്ത്രിക്കുള്ള പരാതികളും ദുരിതാശ്വാസനിധിയിലെ സഹായത്തിനുള്ള അപേക്ഷകളും സമർപ്പിക്കാനാകും. പരാതികളുടേയും, അപേക്ഷകളുടേയും തൽസ്ഥിതി അറിയാനും ഈ മാർഗം ഉപയോഗപ്പെടുത്താം.

**അക്ഷയ കേന്ദ്രങ്ങൾ**

പൊതുജനങ്ങൾക്ക് മുഖ്യമന്ത്രിക്കുള്ള പരാതികൾ അക്ഷയ കേന്ദ്രങ്ങൾ വഴി സമർപ്പിക്കാനാകും. അപേക്ഷകന് ഉടൻ തന്നെ പരാതി സ്വീകരിച്ചു എന്നറിയിക്കുന്ന രസീത് ലഭിക്കും.

**സെക്രട്ടേറിയറ്റിലെ Straight Forward കൗണ്ടർ**

ഗവ. സെക്രട്ടേറിയറ്റിൽ നോർത്ത് ബ്ലോക്കിനു മുന്നിലും ഗേറ്റ് നമ്പർ രണ്ടിനു സമീപത്തായുമുള്ള ആറു കൗണ്ടറുകളിലൂടെ പരാതികൾ സമർപ്പിക്കാം. പ്രവൃത്തി ദിവസങ്ങളിൽ ഈ കൗണ്ടറുകളിലൂടെ പരാതികൾ/ അപേക്ഷകൾ നേരിട്ട് നൽകാനാവും. (കോവിഡ് പശ്ചാത്തലത്തിൽ ഇപ്പോൾ നോർത്ത്, സൗത്ത്, അനക്സ് എന്നിവിടങ്ങളിലെ സന്ദർശക സഹായ കേന്ദ്രങ്ങളിലാണ് പരാതികൾ സ്വീകരിക്കുന്നത്)

**തപാൽ മാർഗ്ഗം**

വിവിധ തപാൽ മാർഗ്ഗങ്ങളിലൂടെ ലഭിക്കുന്ന പരാതികൾ മുഖ്യമന്ത്രിയുടെ കമ്പ്യൂട്ടർ സെല്ലിൽ ഒരു ബാർ കോഡ് നൽകി പ്രാഥമിക രജിസ്ട്രേഷൻ നടത്തുന്നു. തുടർന്ന് പരാതികൾ നിർദ്ദേശങ്ങൾക്കായി മുഖ്യമന്ത്രിക്ക് സമർപ്പിക്കുന്നു.




**പരാതികളുടെ തൽസ്ഥിതി അറിയാൻ**

cmo.kerala.gov.in എന്ന വെബ് പോർട്ടൽ സന്ദർശിച്ച് 'പരാതിയുടെ സ്ഥിതി അറിയുക' എന്ന ലിങ്കിൽ ക്ലിക്ക് ചെയ്താൽ പരാതി നൽകിയ ദിവസം മുതലുള്ള എല്ലാ ഫയൽ നീക്കങ്ങളും അറിയാനാകും. Citizen Call Centre-ലെ 155 300, 1800 425 7211 എന്നീ ടോൾ ഫ്രീ നമ്പറുകളിലൂടെയും പരാതി/ അപേക്ഷയുടെ തൽസ്ഥിതി അറിയാം.

### പൊതുലേലത്തിൽ തടിയുടെ വിൽപനയിൽ പങ്കെടുക്കാൻ

https://www.mstcecommerce.com/auctionhome/kfd/index.jsp#

രേഖകൾ: പാസ്പോർട്ട്, ഡ്രൈവിങ് ലൈസൻസ്, ആധാർ കാർഡ്, വോട്ടർ ഐഡി, ബാങ്ക് പാസ് ബുക്ക്, പങ്കാളിത്ത രേഖ, പാൻ കാർഡ്

### ഡ്രൈവിങ് സ്കൂൾ ലൈസൻസ് തുടങ്ങാൻ

https://sarathi.parivahan.gov.in/sarathiservice/stateSelection.do

രേഖകൾ: വിലാസം തെളിയിക്കുന്നത്, മലിനീകരണ സർട്ടിഫിക്കറ്റ്, യോഗ്യത/വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ, വാഹന ഇൻഷുറൻസ്, വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഡ്രൈവിങ് സ്കൂളിന്റെ ഫോട്ടോകൾ, കെട്ടിട പ്ലാനും ലൊക്കേഷൻ സ്കെച്ചും, സ്വഭാവ സർട്ടിഫിക്കറ്റ്, കെട്ടിട ഉടമസ്ഥാവകാശം അല്ലെങ്കിൽ പാട്ട സർട്ടിഫിക്കറ്റ്

### ഡ്രൈവിങ് സ്കൂൾ ലൈസൻസ് പുതുക്കൽ

https://sarathi.parivahan.gov.in/sarathiservice/stateSelection.do

രേഖകൾ: വിലാസം തെളിയിക്കുന്നത്, മലിനീകരണ സർട്ടിഫിക്കറ്റ്, വാഹന ഇൻഷുറൻസ്, വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഡ്രൈവിങ് സ്കൂളിന്റെ ഫോട്ടോകൾ, കെട്ടിട പ്ലാനും ലൊക്കേഷൻ സ്കെച്ചും

### പുതിയ ഫാക്റ്ററി ലൈസൻസിനുള്ള അപേക്ഷ

https://idms.fabkerala.gov.in/fabnet/UserLogin.do

രേഖകൾ: ഭൂനികുതി, ലൈസൻസ് ഫീസ്-ഇ-പേയ്മെന്റ്, സ്ഥിരത സർട്ടിഫിക്കറ്റ്, പങ്കാളിത്ത രേഖ, ചീഫ് ടൗൺ പ്ലാനറിൽ നിന്നുള്ള എൻ.ഒ.സി.

### കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം രജിസ്ട്രേഷൻ

https://lcas.lc.kerala.gov.in/office/onlinehome.php

രേഖകൾ: സൈറ്റിന്റെ ഉടമസ്ഥാവകാശത്തിന്റെ തെളിവ് - ഭൂനികുതി രസീത് / ഉടമസ്ഥതയിലുള്ള ഭൂമിയുടെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, പാട്ട/വാടക ഭൂമിക്ക് വാടക കരാർ, തദ്ദേശ സ്ഥാപനം നൽകുന്ന ലൈസൻസ്

### ഷോപ്സ് & കൊമേഴ്സ്യൽ – രജിസ്ട്രേഷൻ പുതുക്കൽ

https://lcas.lc.kerala.gov.in/office/onlinehome.php

രേഖകൾ: ജീവനക്കാരുടെ പട്ടിക

### കോൺട്രാക്റ്റർ ലൈസൻസ്

https://lcas.lc.kerala.gov.in/office/onlinehome.php

രേഖകൾ: തൊഴിലുടമയിൽ നിന്നുള്ള ഫോം 5 ലെ സർട്ടിഫിക്കറ്റ്

## സേവനങ്ങൾക്കും സർട്ടിഫിക്കറ്റുകൾക്കും

# അപേക്ഷാ ഫീസില്ല

ജാതി സർട്ടിഫിക്കറ്റ് ,റസിഡൻസ് സർട്ടിഫിക്കറ്റ് ,നേറ്റിവിറ്റി സർട്ടിഫിക്കറ്റ് ,ലൈഫ് സർട്ടിഫിക്കറ്റ്, വൺ & സെയിം സർട്ടിഫിക്കറ്റ്, ബന്ധുത്വ ( റിലേഷൻഷിപ്പ്) സർട്ടിഫിക്കറ്റ്, കുടുംബ അംഗത്വ (ഫാമിലി മെമ്പർഷിപ്പ്) സർട്ടിഫിക്കറ്റ്, ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ്, മൈനോറിറ്റി സർട്ടിഫിക്കറ്റ്, മിശ്രവിവാഹ സർട്ടിഫിക്കറ്റ് എന്നിവയ്ക്ക് വില്ലേജ് ഓഫീസിലോ ഓൺലൈനായോ അപേക്ഷ നൽകേണ്ടതില്ല. ഇവയ്ക്ക് തെളിവായി ഹാജരാക്കുന്ന രേഖകൾ പ്രസ്തുത സർട്ടിഫിക്കറ്റായി പരിഗണിക്കും.

### ജാതി സർട്ടിഫിക്കറ്റിന് വിദ്യാഭ്യാസ രേഖ

എസ്എസ്എൽസി സർട്ടിഫിക്കറ്റ് / വിദ്യാഭ്യാസ രേഖയിൽ ജാതി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ അത് വില്ലേജ് ഓഫീസർ, തഹസിൽദാർ നൽകുന്ന ജാതി സർട്ടിഫിക്കറ്റിനുപകരം പരിഗണിക്കാം. അച്ഛനമ്മമാർ വ്യത്യസ്ത ജാതിയിൽപ്പെട്ടവരാണെങ്കിൽ അവരിലൊരാളുടെ വിദ്യാഭ്യാസ രേഖയിലെ ജാതി തെളിവായി പരിഗണിക്കാം.

പുതിയകാലം കോവിഡിനെ കൂടുതൽ മാരകമാക്കിയതുപോലെ അതിനെ നേരിടാൻ പുതിയ വഴികളുമുണ്ടാക്കി. ഇന്റർനെറ്റ് ഇത്രയും സർവ്വവ്യാപി ആകാതിരുന്ന കാലമായിരുന്നെങ്കിൽ എന്ത് സംഭവിച്ചേനെ എന്ന് നമുക്ക് ചിന്തിക്കാൻ പോലുമാകില്ല. നമ്മൾ

വീട്ടിലേക്കൊതുങ്ങിയപ്പോഴും അത് നമ്മളെ വല്ലാതെ അടുപ്പിച്ചുകൊണ്ടിരുന്നു. വീട്ടിലിരുന്ന് ജോലികൾ ചെയ്യാനും പഠനം തുടരാനുമുള്ള സാഹചര്യം ഇല്ലായിരുന്നെങ്കിൽ ഇക്കാലം എങ്ങനെയായി തീർന്നേനെ. വിഷമങ്ങളോടൊപ്പം വലിയ കൗതുകങ്ങളിലൂടെയുമാണ് കഴിഞ്ഞ രണ്ട് വർഷം കുട്ടികളുടെ പഠനം കടന്നുപോയത്. അതിനു മുൻപുള്ള സമയങ്ങളിൽ ഇന്റർനെറ്റ്, മൊബൈൽ ഫോൺ തുടങ്ങിയവയെ കുട്ടികളിൽ നിന്ന് പരമാവധി അകറ്റി നിർത്താനായിരുന്നു നമ്മുടെ ശ്രമം. എന്നാൽ ഇപ്പോളത് കൂടുതൽ നന്നായി ലഭ്യമാക്കാനായി നെട്ടോട്ടം. പഠനത്തിന്റെ പുതിയതും അപരിചിതവുമായ വഴികൾ അത് തുറന്നു. അറിവ് നേടൽ ഏറ്റവും പ്രധാനമായി. അതിനെ അളക്കുന്ന പരീക്ഷകളുടേയും മാർക്ക് ലിസ്റ്റുകളുടേയും പ്രാധാന്യം വല്ലാതെ കുറഞ്ഞു. കൂടുതൽ ഉത്തരവാദിത്വങ്ങൾ അവരിലേൽപിച്ചു. വിവരദാതാവ് എന്ന രീതിയിലുള്ള അധ്യാപകന്റെ പ്രാധാന്യം ഇടിഞ്ഞു. ഇപ്പോൾ നമ്മുടെ കുട്ടികൾ പതുക്കെ പതുക്കെ സ്കൂളുകളിലേക്കും കോളേജുകളിലേക്കും തിരികെ എത്തുകയാണ്. മനുഷ്യന്റെ ശീലങ്ങൾ രൂപപ്പെടാൻ കുറഞ്ഞകാലം മതി. ഓൺലൈൻ പഠനം ഇപ്പോൾ നമുക്ക് ശീലവും സൗകര്യവുമാണ്. അതുകൊണ്ട് പഴയ രീതിയിലേക്കുള്ള തിരിച്ചുപോക്ക് കൂടുതൽ സമയമെടുക്കുന്നതും വിഷമകരവുമാകും. എന്നാൽ ഔപചാരിക വിദ്യാഭ്യാസത്തിന് പകരം വെയ്ക്കാൻ മറ്റൊന്നുമില്ലാത്തതുകൊണ്ട് അത് അനിവാര്യവുമാണ്.

ഒരു വിദ്യാഭ്യാസ വർഷത്തിന്റെ പകുതി കഴിഞ്ഞാണ് നമ്മൾ കുട്ടികളെ തിരികെ സ്കൂളുകളിലേക്കയക്കുന്നത്. അത് സർക്കാരിന്റേയും അധ്യാപകരുടേയും കുട്ടികളുടേയും ഉത്തരവാദിത്വം ഏറുകയാണ്. സമയക്രമീകരണം, ഗതാഗതസൗകര്യങ്ങൾ തുടങ്ങി പല വെല്ലുവിളികളും മുന്നിലുണ്ട്. ഏതായാലും കോവിഡ് കുട്ടികളുടെ ജീവിതത്തേയും പഠനത്തേയും വല്ലാതെ മാറ്റിക്കഴിഞ്ഞു. ആ യാഥാർഥ്യത്തെ ഉൾക്കൊണ്ടേ സ്കൂൾ തുറക്കുമ്പോൾ നമുക്ക് മുന്നോട്ടുപോകാൻ കഴിയൂ. ക്ലാസ്സ്മുറികൾക്കൊപ്പമോ അതിനും മുകളിലുമോ ഓൺലൈൻ പഠനത്തിനുള്ള പ്രാധാന്യം ഇനിയുള്ള കാലത്തും തുടരും. കുട്ടികളുടെ സ്കൂളിലേക്കുള്ള തിരിച്ചുവരവ് പൂർണ്ണമായും പഴയ രീതികളിലേക്കുള്ള തിരിച്ചുപോക്ക് ആവില്ല. രണ്ടിനേയും ഉൾക്കൊണ്ട് പുതിയ സമ്പ്രദായങ്ങൾ നമുക്ക് സൃഷ്ടിക്കേണ്ടി വരും.

ഉയർന്ന ജീവിതനിലവാരം ഉള്ളതുകൊണ്ട് ഇന്ത്യയിലെ മറ്റ് സ്ഥലങ്ങളെ അപേക്ഷിച്ച് കേരളത്തിലെ കുട്ടികൾ കോവിഡ് കാലം നന്നായി പ്രയോജനപ്പെടുത്തിയെന്ന് തോന്നുന്നു. പഠനസൗകര്യങ്ങളുടെ ലഭ്യതക്കുറവ് കാരണം ഇവിടെ ഒരു കുട്ടിയുടേയും വിദ്യാഭ്യാസം മുടങ്ങിയതായി തോന്നിയില്ല. എന്നാലും സ്കൂളിലെത്തുമ്പോൾ എന്താകും എന്ന വലിയ ആകാംക്ഷയും സംശയങ്ങളും നിലനിൽക്കുന്നുണ്ട്. പക്ഷേ കുറഞ്ഞകാലം കൊണ്ട് അതൊക്കെ പരിഹരിക്കപ്പെടും. കാരണം വലിയ പ്രതിസന്ധികൾ നേരിട്ട കാലങ്ങൾക്കു ശേഷം എപ്പോഴും മനുഷ്യർ വലിയ കുതിപ്പുകൾ നടത്തിയിട്ടുണ്ട്. കോവിഡിനുശേഷവും അതുണ്ടാകും. മനുഷ്യൻ മാറും. നമ്മുടെ വിദ്യാഭ്യാസരംഗവും വലിയ മുന്നേറ്റമുണ്ടാക്കും. ഇത് ഒരു പുനർവിചിന്തനത്തിനുള്ള സമയവുമാണ്. ജനാധിപത്യരീതിയിൽ പ്രവർത്തിക്കുന്ന ധാരാളം അധ്യാപക-വിദ്യാർഥി സംഘടനകളുള്ള നാടാണ് നമ്മുടേത്. വിദ്യാലയങ്ങൾ തുറക്കുമ്പോൾ കുട്ടികളുടെ തിരിച്ചുവരവും പഠനവും സുഗമമാക്കാൻ ഏറ്റവും കൂടുതൽ കാര്യങ്ങൾ ചെയ്യാൻ പറ്റുന്നതും അവർക്കാണ്.

മറ്റൊരു തലമുറയ്ക്കുമുണ്ടാകാത്ത അനുഭവങ്ങളാണ് കുറഞ്ഞകാലം കൊണ്ട് ഇന്നത്തെ കുട്ടികൾക്കുണ്ടായത്. അത് കുരുന്നുകളുടെ ജീവിതത്തെ മാറ്റി. ആ അനുഭവങ്ങൾ പുതിയ വഴികൾ വെട്ടാൻ പ്രേരണയാകട്ടെ. നിങ്ങൾ കഴിഞ്ഞകാലം നന്നായി ഓർമ്മയിൽ സൂക്ഷിക്കുക. കാരണം വരും തലമുറ ഇങ്ങനെ ഒരു കാലത്തിൽ കൂടി നിങ്ങൾ കടന്നുപോയി എന്ന് പറഞ്ഞാൽ അവിശ്വസനീയതയോടെയേ കേൾക്കൂ. ■



**നബാൻ,**
**ഐഎംയുപിഎസ്, അഴീക്കോട്**

എനിക്ക് സ്കൂളിൽ പോകണം.. കഴിഞ്ഞ ഒന്നര വർഷമായി എന്റെ കൂട്ടുകാരെയും ടീച്ചർമാരെയും മിസ് ചെയ്യുന്നു. ഞാനിപ്പോൾ ത്രിൽഡ് ആണ്. സ്കൂൾ വേഗം തുറക്കുന്നതും കാത്തിരിക്കുകയാണ്



**ശ്രീഗ ഗണേഷ്**
**ഷേണായി സ്മാരക ഗവ. ഹയർസെക്കൻഡറി സ്കൂൾ, പയ്യന്നൂർ**

ഒന്നര വർഷമായി വീടിനുള്ളിൽ തന്നെ ഇരുന്ന് ലോക വിവരങ്ങളടക്കം ഞാനടക്കമുള്ള കുട്ടികൾ അറിഞ്ഞത് പത്രം വായിച്ചും ടി.വി കണ്ടും മൊബൈൽ ഫോണിലൂടെയുമായിരുന്നു. എന്നാൽ ഇപ്പോ സ്കൂൾ തുറക്കുന്നുവെന്ന വാർത്ത എനിക്ക് ഏറെ സന്തോഷം തരുന്നത് തന്നെയാണ്



**ഗാഥ രാകേഷ്**
**സെന്റ് മേരീസ് എൽ പി സ്കൂൾ,വിളയാങ്കോട്**

കൂട്ടുകാരൊക്കെ ചേർന്ന് ഒരു സ്കൂളിൽ ചേർന്നിട്ടും ഇതുവരെ ഒരുമിച്ചിരുന്ന് പഠിക്കാനായില്ല. ഒന്നാം ക്ലാസിലെ ടീച്ചറുടെ ക്ലാസിൽ ഇരിക്കാൻ പറ്റാത്തതിന്റെ സങ്കടം മാറുന്നില്ല. രണ്ടാം ക്ലാസിൽ മാഷിന്റെ ക്ലാസിലിരിക്കാൻ പറ്റുമെന്ന് കേട്ടപ്പോഴേ സന്തോഷായി

# കൊന്നു തീർക്കുന്ന പ്രണയപ്പക



**ഡോ.അരുൺ ബി നായർ**

കൺസൾട്ടന്റ് സൈക്യാട്രിസ്റ്റ്,
മെഡിക്കൽ കോളേജ്, തിരുവനന്തപുരം

**വ്യക്തിത്വ വൈകല്യം ഉള്ളവർ പ്രണയിക്കുമ്പോൾ മറുവശത്തുള്ളവരെ ശാരീരികമായും മാനസികമായും ക്രൂരമായി പീഡിപ്പിക്കുകയും ആവർത്തിച്ച് ചൂഷണം ചെയ്യുകയും ഒട്ടും കുറ്റബോധമില്ലാതെ തെറ്റുകൾ ആവർത്തിക്കുകയും ചെയ്യുന്നു. അത് കൊണ്ടെത്തിക്കുന്ന പ്രണയകൊലപാതകങ്ങൾ വൈകാരിക അടിമത്തം ലഭിക്കാത്തതിലെ നിരാശ മാത്രമാകാം**

പാലാ സിഎംഎസ് കോളേജിൽ അടുത്തിടെ ഒരു ചെറുപ്പക്കാരൻ സഹപാഠിയെ കഴുത്തറുത്തുകൊന്ന സംഭവം നമ്മുടെ മനഃസാക്ഷിയെ ഞെട്ടിച്ചിരിക്കുകയാണ്. സമാനമായ സംഭവങ്ങൾ നമ്മുടെ നാട്ടിൽ ആവർത്തിക്കുന്നു. അഞ്ചു വർഷത്തിനിടെ പ്രണയവുമായി ബന്ധപ്പെട്ട് 350ഓളം ആത്മഹത്യകളോ കൊലപാതകങ്ങളോ കേരളത്തിൽ നടന്നിട്ടുണ്ട് എന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. 2019ൽ സമാന സ്വഭാവമുള്ള അഞ്ച് കൊലപാതകങ്ങൾ നടന്നപ്പോൾ 2020ൽ കോവിഡ് മഹാമാരിക്കിടെ രണ്ട് സംഭവങ്ങൾ നടന്നു. ഈ വർഷം ജൂലൈയിലാണ് ഒരു പെൺകുട്ടിയെ പ്രണയം നിരസിച്ചതിനെ തുടർന്ന് കാമുകൻ വെടിവച്ചുകൊന്നത്. പ്രബുദ്ധ കേരളത്തിൽ എന്തുകൊണ്ട് ഇത്തരം കൊലപാതകങ്ങൾ ആവർത്തിക്കുന്നു എന്ന അന്വേഷണം ഗൗരവതരമായ ചില വിഷയങ്ങളിലേക്കാണ് നമ്മെ നയിക്കുന്നത്.

## എന്താണ് പ്രണയം?

നാലു ഘടകങ്ങൾ ചേർന്ന മനോഹാരിതയാണ് പ്രണയം. ആദ്യത്തേത് ആത്മബന്ധം അഥവാ intimacy. താൻ പ്രണയിച്ചുതുടങ്ങുന്ന വ്യക്തിയുടെ താത്പര്യങ്ങൾ കൂടി



പരിഗണിച്ച്  ഓരോ തീരുമാനവും എടുക്കുന്നു എന്ന അവസ്ഥയാണത്. രണ്ടാമത്തേത് ശാരീരിക ആകർഷണമാണ്. സൗന്ദര്യത്തോടുള്ള ആരാധന മുതൽ ലൈംഗികാസക്തിവരെയുള്ള ഘടകങ്ങൾ ഇതിൽ പെടുന്നുണ്ട്. പ്രണയത്തിന്റെ ആദ്യഘട്ടത്തിൽ ഇത് വളരെ ശക്തമാണെങ്കിലും കാലാന്തരത്തിൽ ഇതിന്റെ ശക്തികുറയും. മൂന്നാമത്തെ ഘടകമാണ് പ്രതിബദ്ധത. പ്രണയത്തിലായിരിക്കുമ്പോൾ തന്നെ ഒരാൾക്ക് പലരുടേയും സൗന്ദര്യത്തോട് ആരാധനയും ബുദ്ധിപരമായ കഴിവുകളോട് ഭ്രമവും തോന്നിയേക്കാം. അത്തരം ബന്ധങ്ങളൊന്നും നമ്മുടെ പ്രണയത്തെ തകർക്കാത്തരീതിയിൽ ആരോഗ്യപരമായ അതിർവരമ്പുകൾ നിശ്ചയിക്കാനുള്ള കഴിവാണ് പ്രതിബദ്ധത. നാലാമത്തെ ഘടകമാണ് ജനാധിപത്യം. പ്രണേതാവിനോട് അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടെങ്കിൽ അത് പ്രകടിപ്പിക്കാനും അത് കേൾക്കുന്നു എന്ന് ഉറപ്പുവരുത്താനുള്ള  അവകാശമാണത്. എന്നാൽ പ്രണയകൊലപാതകങ്ങൾ എന്ന പേരിൽ നമ്മുടെ നാട്ടിൽ നടക്കുന്ന പല സംഭവങ്ങളിലും ഈ നാലു അവസ്ഥകളും പരാജയപ്പെടുന്നു എന്നതാണ് വസ്തുത. കാരണം അവയിൽ മിക്കതും യഥാർഥപ്രണയമല്ല. മറിച്ച് വൈകാരിക അടിമത്തം എന്ന അവസ്ഥയാണ്.

വൈകാരിക അടിമത്തത്തിൽ നമ്മുടെ ലോകം ഒരു വ്യക്തിയിലേക്ക് ചുരുങ്ങിപ്പോകും. ആ വ്യക്തി ഇല്ലാതെ ഒരുതരത്തിലും ജീവിക്കാൻ കഴിയില്ല എന്ന ചിന്താഗതി ശക്തമാകുന്നതോടെ അയാളുടെ വൈകാരികാവസ്ഥകളോ അവകാശങ്ങളോ മാനിക്കാത്ത മാനസിക നിലയിലേക്ക് നാം എത്തിച്ചേരുന്നു. നമ്മുടെ ആഗ്രഹങ്ങൾക്ക് ആ വ്യക്തി പൂർണമായി വിധേയപ്പെടണം എന്ന ശാഠ്യം ഈ ഘട്ടത്തിൽ  പലരും പ്രകടിപ്പിച്ചുതുടങ്ങും. അങ്ങിനെ ആ ബന്ധത്തിൽ ജനാധിപത്യസ്വഭാവം ഇല്ലാതെയാകുന്നു. പരിണതഫലമായി കൊലപാതകങ്ങളോ ആത്മഹത്യകളോ അല്ലെങ്കിൽ രണ്ടും ചേർന്ന സങ്കീർണമായ അവസ്ഥയോ സംഭവിക്കുന്നു. എന്നാൽ, യഥാർഥപ്രണയത്തിൽ ഏർപ്പെടുന്ന ഒരാൾക്ക് തന്റെ പ്രണയിയെ വേദനിപ്പിക്കാൻ കഴിയില്ല. അഭിപ്രായഭിന്നതകൾ മൂലം പിരിഞ്ഞുകഴിഞ്ഞാലും ആ വ്യക്തി സന്തോഷത്തോടെയിരിക്കണം എന്നാഗ്രഹിക്കാൻ മാത്രമേ സത്യസന്ധമായ പ്രണയത്തിനു കഴിയുകയുള്ളൂ.

## കുടുംബത്തിലെ ജനാധിപത്യം

പുരുഷകേന്ദ്രീകൃതമായ നമ്മുടെ സമൂഹത്തിൽ കുട്ടികളെ വളർത്തുന്നതിലുള്ള പാകപ്പിഴകളും പലപ്പോഴും ഇത്തരത്തിലുള്ള പ്രശ്നങ്ങൾക്ക് വഴിതെളിക്കുന്നുണ്ട്. ആൺകുട്ടികൾക്ക് കൂടുതൽ സ്വാതന്ത്ര്യവും അവകാശവും കൊടുക്കുകയും പെൺകുട്ടികൾ സംരക്ഷിക്കപ്പെടേണ്ടതാണ് എന്ന വ്യാജേന അവർക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുന്നു. പുരുഷമേധാവിത്വത്തിന്റെ സ്വാധീനം കലർന്ന രക്ഷാകർത്തൃമാതൃകകളാണ് ഈ രീതിയിൽ പ്രചരിക്കപ്പെടുന്നത്. അതുകൊണ്ടുതന്നെ പെൺകുട്ടികൾ കൂടുതൽ ചൂഷണം ചെയ്യപ്പെടാൻ സാധ്യതയുണ്ട്. എന്നാൽ സമീപകാലത്ത് കുട്ടികൾക്ക് നേരെയുണ്ടാകുന്ന ചൂഷണങ്ങളെക്കുറിച്ചുള്ള ഭൂരിപക്ഷം പഠനങ്ങളും സൂചിപ്പിക്കുന്നത് ആൺകുട്ടികളിലും പെൺകുട്ടികളിലും ഒരുപോലെ ചൂഷണങ്ങൾ സംഭവിക്കുന്നു എന്നുള്ളതാണ്.

ലിംഗനീതി, ലിംഗസമത്വം തുല്യമായ ഉത്തരവാദിത്വങ്ങളും അവകാശങ്ങളും എന്നിവയൊക്കെ ചെറുപ്രായത്തിൽ തന്നെ കുട്ടികളെ ബോധ്യപ്പെടുത്തി വളർത്തേണ്ടത് അനിവാര്യമാണ്. എങ്കിൽ മാത്രമേ മറ്റൊരു ലിംഗത്തിൽപെട്ട വ്യക്തിയെ ബഹുമാനിക്കുവാനും ആ വ്യക്തിയുടെ അവകാശങ്ങളോട് ആദരവു പ്രകടിപ്പിക്കുവാനും സാധിക്കുകയുള്ളൂ. നമ്മുടെ വീടുകളിൽ പലപ്പോളും ഭാര്യയും ഭർത്താവും തമ്മിലുള്ള ഇടപെടലുകളിൽ ചില പോരായ്മകൾ ദൃശ്യമാണ്. അമ്മയെ നിരന്തരം ഹിംസിക്കുകയും മോശമായ വാക്കുകൾ കൊണ്ട് അഭിസംബോധന ചെയ്യുകയും അമ്മയുടെ ആഗ്രഹങ്ങളേയും അഭിപ്രായങ്ങളേയും അടിച്ചമർത്തുകയും ചെയ്യുന്ന അച്ഛനെ കണ്ടുവളരുന്ന ഒരു കുട്ടിയിൽ അറിയാതെതന്നെ (അവന്റെ മനസ്സിലേക്ക്) പുരുഷമേധാവിത്വത്തിന്റെ സവിശേഷതകൾ കടന്നുകയറുകയാണ്. ഭാവിയിൽ അവന്റെ പ്രണയത്തിലും കുടുംബജീവിതത്തിലുമൊക്കെ ഇതിന്റെ സ്വാധീനം ഉണ്ടാകാനുള്ള സാധ്യതയുണ്ട്. എതിരഭിപ്രായങ്ങളെ ഉൾക്കൊള്ളാൻ കഴിയാത്ത മനോനിലയിലേക്ക് അത്തരം ആളുകൾ എത്തിച്ചേരുന്നതും സ്വാഭാവികമാണ്. അതുകൊണ്ടുതന്നെ വീടുകളിൽ അച്ഛനും അമ്മയും തമ്മിലുള്ള ഇടപെടൽ ജനാധിപത്യ സ്വഭാവത്തിലാകുന്നതാണ് തീർച്ചയായും കുട്ടികൾക്ക് മാതൃകയാക്കാൻ നല്ലത്.

## വിഷലിപ്തബന്ധങ്ങൾ

വിവരസാങ്കേതിക വിദ്യ സാർവത്രികമായതോടെ മനുഷ്യ സ്വഭാവത്തിൽ അക്ഷമ കടന്നു വന്നിട്ടുണ്ട്. 30 വർഷത്തിനു മുമ്പുള്ള ആളുകൾക്ക് ഹോട്ടലിൽപോയി ഭക്ഷണം കഴിക്കണമെങ്കിൽ അവിടെപോയി ഭക്ഷണം ആവശ്യപ്പെട്ട് വാങ്ങേണ്ട സാഹചര്യം ഉണ്ടായിരുന്നു. സിനിമാ തിയേറ്ററിൽ ടിക്കറ്റെടുക്കണമെങ്കിലും  നേരിട്ട് പോകേണ്ട സാഹചര്യം ഉണ്ടായിരുന്നു.
ഒരു പ്രണയലേഖനം കൊടുത്തുകഴിഞ്ഞാൽ അതിന്റെ മറുപടി കിട്ടാൻ ദിവസങ്ങൾ കാത്തിരിക്കേണ്ട സാഹചര്യം ഉണ്ടായിരുന്നു. ഇങ്ങനെ കാത്തിരിക്കുന്ന സമയത്ത് രണ്ടു സാധ്യതകൾ മനസ്സിൽ തെളിയുകയും എന്ത് പരിണിതഫലമാണ് ഉണ്ടാവുന്നതെങ്കിലും അതുമായി പൊരുത്തപ്പെടാൻ മനസ്സ് പാകമാകുകയും ചെയ്യും. പ്രണയാഭ്യർഥനയുടെ സ്വീകരണവും നിരാസവും സംബന്ധിച്ച് ചിന്തിച്ച് മനസ്സിനെ പാകപ്പെടുത്തിയെടുക്കാൻ ഈ ദൈർഘ്യം സഹായിക്കും. ഇന്നിപ്പോൾ മേൽപറഞ്ഞ കാര്യങ്ങൾ എല്ലാം ഏതാനും സെക്കന്റുകൾ കൊണ്ട് നടപ്പിലാക്കാനുള്ള സാഹചര്യം നിലവിലുണ്ട്. സ്വാഭാവികമായും മനുഷ്യസ്വഭാവത്തിൽ അക്ഷമയും എടുത്തുചാട്ടവും ഇതുമൂലം കടന്നുവന്നിരിക്കുന്നു. പ്രണയബന്ധങ്ങളിലടക്കം ഇതിന്റെ സ്വാധീനം ഇരട്ടിക്കുന്നു. അഭിപ്രായ വ്യത്യാസം വരുന്ന സമയത്ത് ഉടൻതന്നെ പ്രകോപിതനാവുകയും നിമിഷാർഥം കൊണ്ടുതന്നെ താൻ ഇത്രയും നാളും പ്രണയിച്ച വ്യക്തിയെ ഇല്ലായ്മ ചെയ്യുന്നതിനുള്ള മാനസികാവസ്ഥയിലേക്ക് എത്തിച്ചേരാനും ഈ എടുത്തുചാട്ടവും അക്ഷമയും കാരണമാകുന്നു.

## സാമൂഹികവിരുദ്ധതയെന്ന വ്യക്തിത്വവൈകല്യം

വ്യക്തിത്വവൈകല്യമുള്ളവർക്ക് ഒരു വികാരവും നിയന്ത്രിക്കാൻ കഴിയില്ല. അമിതദേഷ്യവും അക്രമസ്വഭാവവുമൊക്കെ അവരുടെ ബന്ധത്തെ കലുഷിതമാക്കാൻ സാധ്യതയുണ്ട്. സാമൂഹികവിരുദ്ധ വ്യക്തിത്വ വൈകല്യം ഉള്ള വ്യക്തികൾ പ്രണയിക്കുമ്പോൾ

മറുവശത്തുള്ളവരെ ശാരീരികമായും മാനസികമായും ക്രൂരമായി പീഡിപ്പിക്കുകയും ആവർത്തിച്ച് അവരെ ചൂഷണം ചെയ്യുകയും ഒട്ടും കുറ്റബോധമില്ലാതെ ഈ തെറ്റുകൾ ആവർത്തിക്കുന്ന സ്ഥിതി വരികയും ചെയ്യും. ആത്മാനുരാഗ വ്യക്തിത്വവൈകല്യമുള്ള ആളുകൾ പലപ്പോഴും ജീവിതത്തിൽ പല നേട്ടങ്ങളും കൈവരിച്ചവരാകാൻ സാധ്യതയുണ്ട്. അത്തരക്കാർ അവരുടെ നേട്ടങ്ങൾ പ്രദർശിപ്പിച്ചുകൊണ്ട് പലരേയും ആകർഷിക്കും. പക്ഷേ പ്രണയത്തിൽ ആയിക്കഴിയുമ്പോഴാണ് പ്രണയിക്കുന്ന വ്യക്തി വേദന യോടെ മനസ്സിലാക്കുന്നത് ഇദ്ദേഹത്തിന് മറ്റൊരാളെ സ്നേഹിക്കാനുള്ള കഴിവില്ല. അദ്ദേഹത്തിന് വേണ്ടത് പ്രണയിനിയെയല്ല. ഒരാരാധികയെ മാത്രമാണ് എന്ന്.

വിഷലിപ്തമായ ബന്ധത്തിൽ അകപ്പെട്ടുപോയി എന്ന് മനസ്സിലാക്കുന്ന പക്ഷം പങ്കാളിയോട് തന്റെ പ്രയാസങ്ങൾ തുറന്നുപറയാൻ തയ്യാറാകണം. വ്യക്തിത്വവൈകല്യങ്ങൾ നിങ്ങളുടെ ബന്ധത്തെ ദോഷകരമായി ബാധിക്കുന്നുവെങ്കിൽ ഒരു മനഃശാസ്ത്രജ്ഞന്റെ സഹായത്തോടെ ആ വ്യക്തിത്വവൈകല്യങ്ങൾ ചികിത്സിക്കാൻ കഴിയണം. പലപ്പോഴും വ്യക്തിത്വവൈകല്യങ്ങൾ ഉള്ളവർ ചികിത്സയോട് സഹകരിക്കാറില്ല. ഇത്തരം ഘട്ടങ്ങളിൽ സ്വന്തം ബന്ധുക്കളോടോ പങ്കാളിയുടെ ബന്ധുക്കളോടോ ഇത്തരം പ്രശ്നങ്ങൾ തുറന്നു പറഞ്ഞ് അവരുടെ സഹായത്തോടെ ചികിത്സയും കൗൺസിലിങും നടത്തുകയാണ് അഭികാമ്യം. ഒരുതരത്തിലും സഹകരിക്കുന്നില്ലെങ്കിൽ വഷളാകുന്നതിനുമുമ്പ് ആ ബന്ധത്തിൽ നിന്ന് രക്ഷപ്പെടുക എന്നതാണ് കരണീയ മാർഗം.



**ജീവിതത്തിലെ പുതുമയുള്ള സാഹചര്യങ്ങളും പ്രയാസഘട്ടങ്ങളും തരണം ചെയ്യാൻ വ്യക്തി ആർജ്ജിച്ചിരിക്കേണ്ട ഗുണവിശേഷമാണ് ജീവിതനിപുണത**

## കൊലയ്ക്കു പരിഹാരം നിപുണതാവിദ്യാഭ്യാസം

പ്രണയകൊലപാതകങ്ങൾ ആവർത്തിക്കുന്ന ഈ സാഹചര്യത്തിൽ പരിഹാരമാർഗങ്ങളെക്കുറിച്ച് ചിന്തിച്ചു തുടങ്ങേണ്ടതുണ്ട്. വിദ്യാഭ്യാസ പദ്ധതിയിൽ ജീവിത നിപുണതാവിദ്യാഭ്യാസം നിർബന്ധിതമാക്കുക എന്നതാണ് പ്രധാനവഴി. ജീവിതത്തിലെ പുതുമയുള്ള സാഹചര്യങ്ങളും പ്രയാസഘട്ടങ്ങളും തരണം ചെയ്യാൻ വ്യക്തി ആർജ്ജിച്ചിരിക്കേണ്ട ഗുണവിശേഷമാണ് ജീവിതനിപുണത. ആരോഗ്യകരമായ വ്യക്തിബന്ധങ്ങൾ, വികാരങ്ങളുമായി പൊരുത്തപ്പെടുക, സമ്മർദ്ദനിയന്ത്രണം തുടങ്ങിയവയൊക്കെ ഈ പരിശീലനത്തിന്റെ ഭാഗമായി വരും. പ്രതിവർഷം 20 മണിക്കൂർ നേരമെങ്കിലും പങ്കാളിത്തസ്വഭാവമുള്ള, പ്രക്രിയാധിഷ്ഠിതമായ, അനുഭവാത്മകമായ ജീവിതനിപുണതാവിദ്യാഭ്യാസം ഉറപ്പുവരുത്തുകയാണെങ്കിൽ അടുത്തൊരു തലമുറയുടെ മനസ്സിലെങ്കിലും ഇത്തരം വികലചിന്തകൾ ഉടലെടുക്കാതിരിക്കാൻ സഹായിക്കും. സംസ്ഥാനത്ത് സ്റ്റേറ്റ് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിങ് (SCERT) സ്കൂൾ വിദ്യാർഥികൾക്കുവേണ്ടി ഉല്ലാസ പറവകൾ എന്ന പേരിൽ ജീവിതനിപുണതാവിദ്യാഭ്യാസ മൊഡ്യൂൾ തയ്യാറാക്കിയിട്ടുണ്ട്. വിദ്യാലയങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ അത് നടപ്പിലാക്കിയപ്പോൾ മികച്ച പ്രതികരണമാണ് ലഭിച്ചത്. എല്ലാ വിദ്യാലയങ്ങളിലും സിലബസുകൾക്ക് അതീതമായി ഇത് നടപ്പിലാക്കാൻ കഴിഞ്ഞാൽ വരുംതലമുറയുടെ മനോഭാവം നല്ലരീതിയിൽ മാറ്റിയെടുക്കാൻ സഹായിക്കും.

## വീടുകളിൽ തുടങ്ങാം

വീടുകളിൽ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട ചില ഘടകങ്ങളാണ് രണ്ടാമത്തേത്. ലിംഗനീതിയും ലിംഗസമത്വവും ഉറപ്പുവരുത്തുന്ന രീതിയിൽ ആൺ, പെൺ, ട്രാൻസ് ജെൻഡർ ഭേദമെന്യേ കുട്ടികളെ വളർത്തുക എന്നത് ഏറെ പ്രധാനമാണ്. മാതൃകാപരമായ പരസ്പര ബഹുമാനത്തി ലധിഷ്ഠിതമായ ഇടപെടലുകൾ വീട്ടിൽ അച്ഛനും അമ്മയും കാഴ്ച വയ്ക്കുമ്പോൾ സാമൂഹിക പഠനം വഴി കുട്ടികൾ അത് സ്വാംശീകരിക്കുകയും അവരുടെ സ്വഭാവത്തിൽ പ്രകടിപ്പിക്കുകയും ചെയ്യും. കൗമാരപ്രായത്തിലുള്ള കുട്ടികളും സ്നേഹം ആഗ്രഹിക്കുന്നവരാണ് എന്ന് മാതാപിതാക്കൾ മനസ്സിലാക്കണം. ദിവസേന അര മണിക്കൂർ നേരമെങ്കിലും കുട്ടികളോട് മനസ്സുതുറന്ന് സംസാരിക്കാൻ സമയം കണ്ടെത്തണം. ഇതുവഴി അവരുടെ ജീവിതത്തിൽ സംഭവിക്കുന്ന ചില ചലനങ്ങൾപോലും മനസ്സിലാക്കി ആരോഗ്യപരമായ രീതിയിൽ ജീവിക്കാൻ അവരെ സഹായിക്കാം. ഇന്റർനെറ്റിന്റേയും മറ്റും അനാരോഗ്യപരമായ സ്വാധീനങ്ങൾ ഉണ്ടാകാതിരിക്കാനും ഇത് പ്രയോജന കരമാണ്. മാനസികാരോഗ്യ സാക്ഷരത വർധിപ്പിക്കുക എന്നുള്ളത് ഇതോടൊപ്പം പ്രധാനമാണ്. വ്യക്തിത്വ വൈകല്യങ്ങളുള്ള ആളുകൾ പ്രണയബന്ധത്തിലും ദാമ്പത്യബന്ധത്തിലും പ്രശ്നങ്ങൾ സൃഷ്ടിക്കുക സർവസാധാരണമാണ്. കൃത്യമായി ചികിത്സിച്ച് അവരെ അതിൽനിന്ന് മോചിപ്പിക്കുവാൻ സമൂഹം മുൻകൈ എടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അതുകൊണ്ടുതന്നെ പ്രണയപ്പക പോലുള്ള മാനസികാരോഗ്യപ്രശ്നങ്ങൾ തലച്ചോറിന്റെ പ്രവർത്തനവൈകല്യങ്ങൾ ആണെന്ന് മറക്കാതിരിക്കുക. അവയ്ക്കാവശ്യം ചികിത്സതന്നെയാണ്. ■

# കുന്നോളം കുളിരുള്ള വാഴ്‌വാന്തോൽ

**തെക്കൻ കേരളത്തിന്റെ ശ്വാസകോശമായ അഗസ്ത്യകൂട മലനിരകളുടെ താഴ്‌വാരത്ത് ഉറപൊട്ടുന്ന ഒരു ജലാത്ഭുതം. പ്രകൃതി വിസ്മയം തീർക്കുന്ന കാനന പാതയിലൂടെ ത്രില്ലടിപ്പിക്കുന്ന ട്രക്കിങ്ങും വെള്ളച്ചാട്ടത്തിന്റെ ചാരുതയും**




**സന്തോഷ് രാജശേഖരൻ**

മാധ്യമപ്രവർത്തകൻ


സസ്യങ്ങളുടെയും പക്ഷികളുടെയും വന്യമൃഗങ്ങളുടേയും ആവാസഭൂമിയാണ് നമ്മുടെ കാടുകൾ. അരുവികളും വെള്ളച്ചാട്ടങ്ങളും കൊലുസ്സണിയുന്ന ആ രമണീയതയിൽ സഞ്ചാരികൾക്കു പലതുണ്ട് വിസ്മയങ്ങൾ. അത്തരത്തിൽ പശ്ചിമഘട്ടത്തിന്റെ താഴ്‌വാരത്തെ നിത്യ നിശ്വാസമാണ് 'വാഴ്‌വാന്തോൽ'. വേനൽക്കാലത്തു നൂലുപോലെ ഒഴുകും. മഴക്കാലത്ത് വെള്ളയുടുത്തു തുള്ളിപ്പരക്കും. പാറക്കെട്ടുകളുമായി കൂട്ടുകൂടുകയാണ് കാട്ടാറിന്റെ ആ നിത്യജാലകം.

വിശേഷഗുണമുള്ള ഔഷധസസ്യങ്ങളും നൂറ്റാണ്ടുകളുടെ ആയുസ് മതിക്കുന്ന വൻമരങ്ങളും നിറഞ്ഞതാണ് ബോണക്കാടും കഴിഞ്ഞുള്ള വാഴ്‌വാന്തോലിലേക്കുള്ള യാത്രാപഥം. കാലം വെട്ടി ഒതുക്കിയ കരിങ്കൽ പാതയിലൂടെ വേണം വെള്ളച്ചാട്ടത്തിലേക്ക് എത്താൻ. മഴക്കാലം കഴിഞ്ഞാൽ വഴികളെല്ലാം സൂര്യനെ മറയ്ക്കുന്ന പച്ചപ്പാണ്. ചിരിച്ചൊഴുകുന്ന അരുവിയുടെ സാന്നിധ്യമറിഞ്ഞാണ് ഓരോ സഞ്ചാരിയുടെയും യാത്ര. കാണിത്തടം ഫോറസ്റ്റ് ചെക്ക്പോസ്റ്റ് കഴിഞ്ഞു മനസ് കുളിപ്പിക്കുന്ന കാനന പാതയിലൂടെ രണ്ടരകിലോമീറ്റർ നടന്നാൽ 'വാഴ്‌വാന്തോലി'ലെത്താം.

ഇവിടെ ട്രക്കിങ്ങിനായി എത്തുന്നവർക്ക് വനം വകുപ്പ് തന്നെ ഗൈഡിന്റെ സഹായവും ലഭ്യമാക്കുന്നു. ഉത്തരവാദിത്വടൂറിസം പദ്ധതിയുടെ ഭാഗമായി കൂടുതൽ വികസനം സാധ്യമായേക്കാവുന്ന വാഴ്‌വാന്തോലിൽ രണ്ട് വെള്ളച്ചാട്ടങ്ങളുണ്ട്. ആദ്യ കാഴ്ചയിൽ തന്നെ ഉള്ളു കുളിർപ്പിക്കുന്ന ചെറുവെള്ളച്ചാട്ടവും അഞ്ഞൂറ് മീറ്ററോളം മാറി വനഭംഗി ആവാഹിക്കുന്ന മറ്റൊന്നും. ഔഷധക്കാടുകളേയും വനശാഖികളേയും തഴുകിയും തിരതല്ലിയുമെത്തി കാനന നടുവിൽ തുള്ളിച്ചാടുന്ന രണ്ടു വെള്ളച്ചാട്ടങ്ങളും സഞ്ചാരികൾക്കു പ്രിയപ്പട്ടവ തന്നെയാണ്. ഒരിക്കലുള്ള കാഴ്ച പലവട്ടം ആവർത്തിക്കാൻ ആഗ്രഹിക്കുന്ന യാത്രയായി രൂപപ്പെടും എന്നതാണ് ഇവിടത്തെ സവിശേഷത. അങ്ങനെ, കാഴ്ചയുടെ സ്ഫടിക ചാരുത വിടർത്തി ടൂറിസം രംഗത്ത് ആകർഷണമാകുകയാണ് വാഴ്‌വാന്തോൽ.

## വാഴ്‌വാന്തോലിലേക്കുള്ള വഴികൾ



തിരുവനന്തപുരത്തു നിന്നും ഏകദേശം 50 കിലോമീറ്റർ അകലെയാണ് വാഴ്‌വാന്തോൽ. വിതുര KSRTC ബസ് സ്റ്റാൻഡിൽ നിന്നും വലതു വശത്തെ ബോണക്കാട് റോഡിലൂടെ സഞ്ചരിച്ചാൽ വിതുര ജേഴ്സിഫാമിലെത്തും. തുടർന്ന് കാണിത്തടം എന്ന വനം വകുപ്പിന്റെ ചെക്പോസ്റ്റിൽ നിന്നും പാസ് ലഭിക്കും. വെള്ളച്ചാട്ടം കാണാനും ട്രക്കിങ്ങിനും വനം വകുപ്പിന്റെ പാക്കേജ് നിലവിലുണ്ട്. 1000 രൂപയാണ് വെള്ളച്ചാട്ടത്തിലേക്കുള്ള ട്രെക്കിങ്ങ് ഫീസ്. 10 പേർ അടങ്ങുന്ന ഒരു സംഘത്തിന് ഒരു ഗൈഡിന്റെ സേവനവും ലഭ്യമാകും. ഉച്ചയ്ക്ക് ഒരുമണി വരെയാണ് വനമേഖലയിലേക്കുള്ള പ്രവേശനം.



# സത്യാനന്തരകാലത്തെ ഗാന്ധി

> ഗാന്ധി ഒരു വേഷമോ ചിത്രമോ അല്ല. ഗാന്ധിയുടെ ഗ്രാമസങ്കല്പം പുരാതന ഇന്ത്യയിൽ എന്നോ ഘനീഭവിച്ചു പോയ ഒരു ഭൂമിശാസ്ത്ര സംവർഗവുമല്ല. വൻനഗരത്തിലും ജീവിക്കാവുന്ന സത്യത്തിന്റെയും അഹിംസയുടെയും മാനസിക സ്ഥലമാണത്



**ഡോ. സി.പി.വിനോദ്**

ചെയർമാൻ, ലോക്കൽ ഗവൺമെന്റ് കമ്മീഷൻ

അനീതിയെ ആത്മീയ ബലം കൊണ്ട് നേരിടുന്ന യോദ്ധാക്കളാണ് ഗാന്ധിജിയുടെ സത്യാഗ്രഹികൾ. അഹിംസയുടെ അടിസ്ഥാനത്തിൽ സ്വയം പ്രതിരോധിക്കുന്നതിനുള്ള സ്നേഹത്തിന്റെ രാഷ്ട്രീയ ദൗത്യ സേന. ദീർഘകാലകാഴ്ചപ്പാടിൽ രാഷ്ട്രീയത്തെ ആത്മീയമായി പുനർനിർമ്മിക്കുന്നതിനുള്ള പ്രയോഗിക പ്രവർത്തന പദ്ധതിയാണ് അദ്ദേഹം മുന്നോട്ട് വയ്ക്കുന്നത്. സ്വരാജ് എന്നു പറയുന്നതു ആത്മീയമായി വിമോചിക്കപ്പെട്ട, ഭയരഹിതരായ മനുഷ്യർ രൂപപ്പെടുത്തുന്ന സമത്വത്തിന്റെയും സ്വാശ്രയത്വത്തിന്റെയും ഒരു രാഷ്ട്രസങ്കൽപ്പമാണ്. ഇത് ബാഹ്യമായി മാത്രം കെട്ടിപ്പടുക്കുന്ന ഒന്നല്ല. കൊളോണിയൽ കാലത്തിലൂടെയും കോളനി വിരുദ്ധ പോരാട്ടങ്ങളിലൂടെയും രൂപംകൊണ്ട ആധുനിക രാഷ്ട്ര-രാഷ്ട്രീയ സങ്കൽപനങ്ങൾക്ക് ഏറെക്കുറെ അഭിമുഖമായിത്തന്നെയാണ് തന്റെ രാഷ്ട്രീയ ദർശനം അദ്ദേഹം രൂപപ്പെടുത്തുന്നത്. ഈ ദർശനം വളരെ സംക്ഷിപ്തമായി വിവരിക്കുന്ന ഹിന്ദ് സ്വരാജ് ആധുനികതയെക്കുറിച്ചുള്ള പ്രത്യയശാസ്ത്ര വിമർശനമാണ്.

ജാതിയുടെ പ്രശ്നം പരിഹരിക്കുന്നതിലുള്ള പരിമിതി നിലനിൽക്കെത്തന്നെ ഒരു നൂറ്റാണ്ടിനിപ്പുറത്ത് ആധുനിക നാഗരികത നേരിടാൻ പോകുന്ന ആഴത്തിലുള്ള പ്രശ്നങ്ങളെയും പ്രതിസന്ധികളെയും അഭിമുഖീകരിക്കാൻ കഴിയുന്ന ഒരു ലോകവീക്ഷണവും രാഷ്ട്രീയ പ്രയോഗവുമാണ് തന്റെ കാലത്തിന്റെ

പരിമിതിയിലും ദേശീയ പ്രസ്ഥാനത്തിന്റെ ചട്ടക്കൂടിലും നിന്നു കൊണ്ട് അദ്ദേഹം ആവിഷ്കരിച്ചത്.

## സാങ്കേതിക വിദ്യയും ആധുനിക നാഗരികതയുടെ വികാസവും

ഒട്ടേറെ നാഗരികതകളുടെ വികാസത്തിനും പതനത്തിനും മനുഷ്യ വംശചരിത്രം സാക്ഷ്യം വഹിച്ചിട്ടുണ്ട്. ലോഹവിദ്യകളെ അടിസ്ഥാനമാക്കിയുള്ള ഉത്പാദന ഉപകരണങ്ങളുടെ കണ്ടുപിടുത്തങ്ങൾ സമാന്തരമായോ പകർന്നു കിട്ടിയോ വിവിധ നാഗരികതകളിൽ ഒരേ സമയം കാണാൻ കഴിയും. എന്നാൽ ഒറ്റ ഉത്പാദന പ്രക്രിയയുടെ ഭാഗമായി ആഗോളമായി കേന്ദ്രീകൃതമായ രാഷ്ട്രീയ സമ്പദ് വ്യവസ്ഥയായി ഇവയൊന്നും മാറിയിരുന്നതായി തെളിവുകളില്ല. ആധുനിക നാഗരികത കേന്ദ്രീകൃത ഉത്പാദന വ്യവസ്ഥയുടെയും ചരക്കുകളുടെയും തൊഴിൽ തേടുന്നവരുടെയും സാർവദേശീയമായ വിപണിയായി ആഗോള സ്വഭാവം ആർജിച്ച ഒന്നാണ്. മനുഷ്യ ചരിത്രത്തിൽ പ്രദേശികമായോ സവിശേഷ മേഖലകളായോ ഒതുങ്ങിനിന്ന അധിനിവേശങ്ങളും കടന്നുകയറ്റങ്ങളും ഒരേ ഉത്പാദന പ്രക്രിയയുടെ ഭാഗമായി ലോകമെങ്ങും വ്യാപിക്കുന്നതിൽ കൂടിയാണ് ആധുനിക നാഗരികത ഇന്ന് കാണുന്ന രൂപം പ്രാപിച്ചത്. വീടകം പോലും സാങ്കേതിക ഇടമായി കണ്ണിചേർക്കപ്പെടുന്ന കുതിച്ചുചാട്ടം ഈയൊരുകാലത്തോടെ തന്നെ നടന്ന ആധുനിക ശാസ്ത്രജ്ഞാനവികാസത്തോടൊപ്പമുള്ള കണ്ടുപിടുത്തങ്ങളുടെ തുടർച്ചയിലുമാണ് സംഭവിക്കുന്നത്. മനുഷ്യ ചരിത്രത്തിലെ ഈയൊരു പുതിയ ഘട്ടത്തിന്റെ ഉദയമാണ് ഗാന്ധി എന്ന ആശയത്തെയും സൃഷ്ടിച്ചത്.

കേന്ദ്രീകൃത വ്യവസായം മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുന്നതും രാജ്യം രാജ്യത്തെ ചൂഷണം ചെയ്യുന്നതുമായ വ്യവസ്ഥയായാണ് അദ്ദേഹം വീക്ഷിച്ചത്. ബ്രിട്ടന്റെയും മറ്റ് പാശ്ചാത്യ നാടുകളുടെയും അനുഭവങ്ങളുടെ അടിസ്ഥാനത്തിലുമായിരുന്നു ഈ വിലയിരുത്തൽ. ''ശാസ്ത്രീയമായ സത്ബുദ്ധികൊണ്ട് അധാർമികമായിരിക്കുന്ന വ്യവസായവത്ക്കരണത്തിൽ നിന്നും യൂറോപ്പ് തീർച്ചയായും പുറത്തേക്കുള്ള ഒരു വഴി കണ്ടെത്തും. ഇതിന്റെ അർഥം അത് പഴയ പരമമായ ലാളിത്യത്തിന്റെ ഭംഗിയിലേക്ക് തിരിച്ചു പോകും എന്നല്ല. എന്നാൽ ഗ്രാമീണ ജീവിതം ആധിപത്യം പുലർത്തുന്നവിധം അത് പുനഃസംഘടിപ്പിക്കപ്പെടും. ആക്രമോത്സുകമായ ഭൗതിക ശക്തികൾ ആത്മീയ ശക്തിക്ക് കീഴ്പ്പെടും.(യങ്ഇന്ത്യ)'' പ്രാകൃത മൂലധന സമാഹാരണത്തിന്റേതായ ഹിംസാത്മക അന്തരീക്ഷത്തിന്റെ പശ്ചാത്തലത്തിലാണ് വ്യവസായവത്ക്കരണത്തെ കുറിച്ചുള്ള അദ്ദേഹത്തിന്റെ ഈ നിരീക്ഷണങ്ങൾ എന്നു നമുക്ക് മനസ്സിലാവും.

എല്ലാ വിധ സാങ്കേതികവിദ്യകൾക്കും ഗാന്ധി എതിരായിരുന്നു എന്ന പൊതുധാരണ നിലവിലുണ്ട്. എന്നാൽ സാങ്കേതികവിദ്യയെ നല്ലതോ ചീത്തയോ ആയോ മനുഷ്യരുടെ ശത്രുവായോ കാണുന്ന സമീപനം അദ്ദേഹം സ്വീകരിച്ചിരുന്നില്ല. ഒരു രാജ്യം മറ്റൊരു രാജ്യത്തെ ചൂഷണം ചെയ്യുന്നതിനുള്ള ഉപാധിയായി സാങ്കേതികത മാറുന്നതിനെയാണ് അദ്ദേഹം എതിർക്കുന്നത്. സാങ്കേതികത നല്ല കാര്യങ്ങൾക്ക് ഉപയോഗിക്കാം എന്നും അദ്ദേഹം കരുതുന്നു. ആയിരക്കണക്കിനാളുകളെ തൊഴിൽരഹിതരാക്കുന്ന വിധം സാങ്കേതികവിദ്യ- മെഷീനറി- മാറുന്നതിനെ അദ്ദേഹം എതിർക്കുന്നു. എന്നാൽ ഇന്ന് സാങ്കേതികവിദ്യ അക്കാലത്ത് ഊഹിക്കാൻ കഴിയുന്നതിന്റെ അപ്പുറത്തേക്ക് വികസിച്ചു. വ്യക്തി മനഃശാസ്ത്രവും സാമൂഹികയാഥാർഥ്യം തന്നെയും താരതമ്യമില്ലാത്ത അളവിൽ പരിവർത്തിക്കപ്പെടുന്ന തരത്തിലാണ് ചരിത്രം മുന്നോട്ട് പോകുന്നത്.

## സത്യാനന്തര സമൂഹം

ഗാന്ധിജിയുടെ ചിന്തകൾക്ക് വിരുദ്ധമായി, അദ്ദേഹം അക്കാലത്ത് അഭിമുഖീകരിച്ച യന്ത്രവത്ക്കരണവും കടന്ന് സാങ്കേതികവികാസം നാലാം വ്യാവസായികഘട്ടത്തിൽ എത്തിനിൽക്കുന്നു. വെള്ളവും ആവിയും ഉപയോഗിച്ച് യന്ത്രങ്ങൾ ചലിപ്പിച്ചിരുന്ന ഒന്നാം ഘട്ടവും വൈദ്യുതി ഉപ യോഗിച്ചുള്ള വൻകിട ഉത്പാദനവും ഇലക്ട്രോണിക്സും ഐ.ടിയും അനുബന്ധ ഉത്പാദനവും നിർണയിച്ച മൂന്നാം ഘട്ടത്തിനും ശേഷം ഡിജിറ്റൽ വിപ്ലവത്തിനാണ് ലോകം ഇന്ന് സാക്ഷ്യം വഹിക്കുന്നത്. സാമൂഹിക ജീവിതവും അന്തരീക്ഷവും സാങ്കേതിക ഉൾച്ചേർച്ചയിലൂടെ പുന:ക്രമീകരിക്കപ്പെടുന്നു. നാലാം വ്യാവസായിക വിപ്ലവത്തിന് അടിസ്ഥാനമായ സാങ്കേതിക വിപ്ലവം അതിന്റെ തുടർച്ചയിൽ പ്രാദേശിക സമ്പദ് വ്യവസ്ഥയെയും, പ്രാദേശിക സമൂഹങ്ങളെയും മനുഷ്യന്റെ നാളിതു വരെയുള്ള സ്വത്വത്തെ തന്നെയും പൂർണമാറ്റത്തിന് വിധേയമാക്കും എന്നു നാലാം വ്യാവസായിക വിപ്ലവം എന്ന പേരിൽ പുസ്തകമെഴുതിയ ക്ലൌസ് ഷ്വാബ് നിരീക്ഷിക്കുന്നു. ചിലപ്പോൾ നിർമ്മിത ബുദ്ധിയും, ജെനറ്റിക് എൻജിനീയറിങ്ങും മറ്റ് നവീന സാങ്കേതിക കണ്ടെത്തലുകളും മനുഷ്യ നിയന്ത്രണങ്ങളെ ഭേദിച്ചുകൊണ്ടു മുന്നോട്ടുപോയേക്കാം. ഇതിനെ ചെറുക്കുന്നതിനു സഹായകരമായതും മനുഷ്യാവസ്ഥയെ മെച്ചപ്പെടുത്തുന്നതുമായ പ്രശ്നരഹിതമായ സംരക്ഷണ സംവിധാനങ്ങൾ രൂപപ്പെടേണ്ടതുണ്ടെന്നുള്ള അഭിപ്രായവും അദ്ദേഹം മുന്നോട്ടുവയ്ക്കുന്നു.

പുത്തൻ സാങ്കേതിക വിദ്യ ഡിജിറ്റൽ കാലത്തെ മനുഷ്യരെ വിഘടിപ്പിക്കുകയും കുടുംബം അടക്കമുള്ള സ്ഥാപനങ്ങളെ വിശ്ലേഷിക്കുകയും കുടുംബ ബന്ധങ്ങൾക്കകത്ത് വ്യക്തികൾ തുരുത്തുകളായി തീരുന്ന സാമൂഹിക പ്രക്രിയയെ ബലപ്പെടുത്തുകയും ചെയ്യുന്നതായി ഗവേഷകർ നിരീക്ഷിക്കുന്നു. നിർമ്മിതബുദ്ധിയുടെ സഹായത്തോടെ വലിയ തോതിൽ കേന്ദ്രീകരണവും നടക്കുന്നുണ്ട്. സ്വതന്ത്ര വ്യക്തികൾ എന്നു സ്വയം കരുതുമ്പോഴും സമസ്ത വ്യക്തി വിവരങ്ങളും അടിയറവ് വയ്ക്കുന്ന തരം കേന്ദ്രീകരണം സാങ്കേതികവിദ്യ കൊണ്ട് സംഭവിക്കുന്നു. കേന്ദ്രീകൃത സാമ്പത്തികശക്തികളും ഭൂരിപക്ഷ രാഷ്ട്രീയ രൂപങ്ങളും (majoritarian) വ്യക്തികളെ സൂക്ഷ്മതലത്തിൽ സ്വാധീനിക്കാനാവും വിധം മനഃശാസ്ത്രപരമായ മേധാവിത്വം സ്ഥാപിച്ചെടുത്തിരിക്കുന്നു.

സാങ്കേതിക വിപ്ലവം മനുഷ്യർക്കുമേൽ മനഃശാസ്ത്രപരമായി നേടുന്ന ആധിപത്യമാണ് യഥാർഥത്തിൽ സത്യാനന്തര സമൂഹം ഒരു സാമൂഹിക ക്രമമായും യാഥാർഥ്യവുമായി അവതരിപ്പിക്കപ്പെടുന്നതിലേക്ക് എത്തുന്നത്. വസ്തുതകളെയും നേരിട്ടുള്ള അനുഭവ യാഥാർഥ്യങ്ങളെയും വിശ്വസിക്കുന്നതിന് പകരം നിർമ്മിക്കപ്പെടുന്ന യാഥാർഥ്യങ്ങൾ അൽഗൊരിതങ്ങളിലൂടെ വിവിധ വിഭാഗങ്ങളിൽ വ്യത്യസ്ത

രൂപത്തിൽ ഒരേ ലക്ഷ്യത്തോടെ പ്രയോഗിക്കുന്നതിലൂടെയാണ് പൊതുസമ്മതിയുടെ അന്തരീക്ഷം ഉണ്ടാവുന്നത്. ടെലിവൈസ്ഡ് ഇമേജുകളിലൂടെ പൊതുപ്രക്ഷാളനമാണ് സാധ്യമായതെങ്കിൽ ഡിജിറ്റൽ കാലം കുടുംബത്തിലെ ഓരോ വ്യക്തിയെയും ടാർജറ്റ് ചെയ്യാൻ കഴിയും വിധം നിർമിതബുദ്ധിയുടെ സഹായത്തോടെ വളരെ ആഴത്തിലുള്ള മനഃശാസ്ത്ര ഇടപെടലുകൾ ഓരോ നിമിഷവും നടപ്പാക്കാൻ പ്രാപ്തമാവുന്നു. വിശകലനബുദ്ധിയോടെ തെറ്റ്-ശരികൾ തിരിച്ചറിയുന്നതിനേക്കാൾ നിർമ്മിത യഥാർഥ്യം സത്യമാണെന്ന് വിശ്വസിക്കാൻ ഇഷ്ടപ്പെടുന്ന വിധം മനുഷ്യമനസ്സ് പരുവപ്പെടുത്തുകയാണ് സമകാലീന സാങ്കേതികസഞ്ചയം.

മനുഷ്യൻ ഇടപെടുന്ന സകല മേഖലകളും നിർമ്മിതബുദ്ധിയുടെ അധീനതയിലാവുകയും അതിന്റെ പ്രവർത്തനം കേന്ദ്രീകൃതശക്തികൾ നിയന്ത്രിക്കുകയും ചെയ്യുമ്പോൾ ജൈവികമായ മനുഷ്യബുദ്ധിയും അനുബന്ധ മനോഘടനകളും എതുവിധം പരിണമിക്കും എന്നത് പ്രവചിക്കാൻ കഴിയുന്നതിനും അപ്പുറമാണ്. സാമൂഹികമാധ്യമങ്ങൾ, അനുകൂലിക്കുന്നവർ/ എതിർക്കുന്നവർ എന്ന ദ്വന്ദ്വത്തിലേക്ക് ഓരോ വിഷയത്തിലും നമ്മെ എത്തിക്കുകയും ചിന്ത ആവശ്യമില്ലാത്തവിധം നമ്മുടെ നിലപാടുകളെ അമിതാവേശത്തിൽ പ്രക്ഷേപിക്കാൻ പര്യാപ്തമാക്കുകയും ചെയ്യുമ്പോഴും സത്യാനന്തര സാമൂഹിക രൂപീകരണ പ്രക്രിയയുടെ ഭാഗമാവുകയാണെന്ന് തിരിച്ചറിയപ്പെടാതെ പോവുന്നു. നമ്മുടെ മുൻധാരണകളെ, മുൻവിധികളെ എക്കോ ചേംബറുകളിലാക്കി നമ്മുടെ അഹം ബോധത്തെ/ ഭാവത്തെ ഇളക്കിവിടാൻ പാകത്തിൽ ലൈക്കുകളും ഇമോജികളും സ്വാഭാവികമായി ക്രമീകരിച്ചു മുൻപിൻ നോക്കാതെ ഫോർവേഡുകൾ അയക്കാൻ വിവേചന ബുദ്ധി നഷ്ടമാക്കുന്നതിലേക്ക് സാങ്കേതികസഞ്ചയം നമ്മെ കൈപിടിച്ചു നടത്തുന്നത് അനുകമ്പാപൂർവം നോക്കുന്ന ഒരു ഗാന്ധിയെ നമുക്ക് സങ്കൽപിക്കാൻ പറ്റും. അകലങ്ങൾക്കിടയിലെ അടുപ്പങ്ങൾക്കിടയിൽ നമ്മൾ തന്നെ പരസ്യമാക്കുന്ന നമ്മുടെ തന്നെ കളവുകളും നമ്മൾ ചെയ്യുകയും പറയുകയും ചെയ്യുന്ന ചെറുചെറു ഹിംസകളും കണ്ടു നിർമലതയോടെ പുഞ്ചിരിക്കുന്ന ഒരു ഗാന്ധിയെയും സങ്കൽപിക്കാൻ പറ്റും. സ്വയം വിഘടിക്കപ്പെടുന്നതിലൂടെ ഇരകളായിത്തീരുന്ന നമ്മൾ വീട്ടിനുള്ളിലും കിടപ്പുമുറിയിലും കാമ്പസുകളിലും പൊതുനിരത്തിലും സൃഷ്ടിക്കുന്ന ഹിംസകൾക്കിടയിൽ ഒരു സത്യാഗ്രഹി ആരായിരിക്കാം എന്നു നിശ്ശബ്ദമായി ഗാന്ധി ചോദിക്കുന്നതായും നമുക്ക് സങ്കൽപിക്കാം.

> **മാനസിക വിധേയത്വത്തെ മറികടക്കലും നിയന്ത്രണത്തിൽ നിന്നുള്ള പുറത്തുവരലും ഗാന്ധിയൻ സത്യാന്വേഷണ പരീക്ഷണത്തെ പ്രസക്തമാക്കുന്നു**

## മാനവിക സമ്പദ്‌വ്യവസ്ഥയും വികേന്ദ്രീകൃത സമൂഹങ്ങളും ഗാന്ധിയും

സമ്പത്തിന്റെ അതിരില്ലാത്ത വളർച്ചയ്ക്ക് സഹായകരമായ തരത്തിൽ മനുഷ്യാധ്വാനം കൂടുതൽ കാര്യക്ഷമമായി ഉപയോഗിക്കുന്നതിനോ അല്ലെങ്കിൽ അധ്വാനത്തെ തന്നെ നീക്കം ചെയ്യുന്നതിനോ സാങ്കേതിക വ്യവസ്ഥയെ ഉപയോഗപ്പെടുത്തുക എന്നതാണ് കേന്ദ്രീകൃത ഉത്പാദന വ്യവസ്ഥ ലക്ഷ്യമിടുന്നത്. സാമ്പത്തികക്രമം സാമൂഹിക ബന്ധങ്ങളിൽ നിന്നും അടർന്നുമാറി ഉത്പാദകനും ഉത്പന്നവും ഉപഭോക്താവും തമ്മിലുള്ള പരസ്പര ബന്ധം വിച്ഛേദിക്കപ്പെടുന്നത് മനുഷ്യ ചരിത്രത്തിലെ മഹാപരിവർത്തനമായി(Great transformation) ക്ലാസ്സിക്കൽ ചിന്തകനായ കാൾ പോള്യാണി വിലയിരുത്തുന്നു. വ്യവസായിക സമ്പദ് ഘടനയായി ഗാന്ധി വിളിക്കുന്ന മുതലാളിത്തവ്യവസ്ഥ ആഗോളമായി രൂപപ്പെടുന്നത് ഓരോ പ്രാദേശിക സമൂഹത്തിലും നടന്ന ഈ വിച്ഛേദനത്തിലൂടെയാണ്. സാമ്പത്തിക ബന്ധങ്ങൾ വീണ്ടും സാമൂഹികവത്ക്കരിക്കുന്നതിനുള്ള ബദൽ ചിന്തകളാണ് പോള്യാണിയെ ശ്രദ്ധേയനാക്കുന്നത്.

നാലാം വ്യവസായിക വിപ്ലവം യഥാർഥത്തിൽ വികേന്ദ്രീകൃതമായും പ്രാദേശിക സമൂഹങ്ങളെ സഹായിക്കുന്നതരത്തിലും സാമ്പത്തിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള ഒട്ടേറെ സാധ്യതകൾ തുറക്കുന്നുണ്ട്. കൃഷിയടക്കമുള്ള സാമ്പത്തിക പ്രവർത്തനങ്ങൾ ഏറ്റവും പുതിയ സാങ്കേതിക വിദ്യയുടെ സഹായത്തോടെ സാധാരണ മനുഷ്യരുടെ ക്ഷേമവും ആശ്രയവുമായി മാറുമ്പോൾ ഓരോ പ്രദേശവും സ്വയം സംഘടിതമാവും. എന്നാൽ ആഗോളതലത്തിൽ വമ്പൻ കോർപ്പറേറ്റ് നിയന്ത്രണത്തിൽ തികച്ചും കേന്ദ്രീകൃതമായി പ്രവർത്തിക്കുന്ന ഒരു ഇക്കോ സിസ്റ്റമാണ് വൈയക്തികവും വൈകാരികവുമായ ചോദനകളെയും മുൻഗണനകളെയും തീരുമാനിക്കുന്നത്. മാനസിക വിധേയത്വത്തെ മറികടക്കലും നിയന്ത്രണത്തിൽ നിന്നുള്ള പുറത്തുവരലും ഗാന്ധിയൻ സത്യാന്വേഷണ പരീക്ഷണത്തെ പ്രസക്തമാക്കുന്നു.

സത്യാനന്തര സമൂഹത്തിൽ വാക്കിലൂടെയും വിരൽത്തുമ്പിലൂടെയും ഇറങ്ങിപ്പോവുന്ന കളവുകളിൽ നിന്നും ഹിംസകളിൽ നിന്നും നമ്മൾ ഒരടി പിൻമാറുമ്പോഴോ മാറി നടക്കുമ്പോഴോ ഒരു സത്യാഗ്രഹി ജനിക്കും. വംശങ്ങളായും വർഗങ്ങളായും ലിംഗങ്ങളായും വിശ്വാസങ്ങളായും അന്യനെ വെറുക്കുന്നതിന് പകരം അവനവന്റെ കളവുകളെ അഭിമുഖീകരിക്കുന്നതിനുള്ള ധൈര്യം നമുക്കുള്ളിൽ ഒരു സത്യാഗ്രഹിക്കു പിറവി നൽകും. കാരണം ഗാന്ധി ഒരു വേഷമോ ചിത്രമോ അല്ല. ഗാന്ധി ആഘോഷിക്കുന്ന ഗ്രാമം പുരാതന ഇന്ത്യയിൽ എന്നോ ഘനീഭവിച്ചു പോയ ഒരു ഭൂമിശാസ്ത്ര സംവർഗവുമല്ല. വൻനഗരത്തിലും ജീവിക്കാവുന്ന സത്യത്തിന്റെയും അഹിംസയുടെയും മാനസികസ്ഥലമാണ്. സത്യത്തോട് ചേർന്നുനിൽക്കാൻ നാം നമുക്കുള്ളിൽ നടത്തുന്ന സംഘർഷങ്ങളുടെ നിരന്തര ശ്രമവുമാണ്. വെറുപ്പിൽ നിന്നും ഭയത്തിൽ നിന്നും വിമോചിതരാവുന്ന മനുഷ്യർ ഒടുവിൽ കണ്ടെത്തുന്ന സത്യത്തിന്റെ സ്നേഹസാമ്രാജ്യമാണ് സ്വരാജ്. ■

# "ദുരഭിമാനം

# വ്യക്തിസ്വാതന്ത്ര്യത്തെ ഹനിക്കരുത്

**സമൂഹത്തിൽ സ്ത്രീകൾക്കെതിരെ നടക്കുന്ന വിവേചനങ്ങൾക്ക് അറുതിവരുത്താനും നാനാതരത്തിലുള്ള ചൂഷണങ്ങളിൽനിന്ന് സ്ത്രീകളെ സംരക്ഷിക്കാനും ലക്ഷ്യമിട്ട് 1996 ൽ രൂപീകൃതമായ സ്ഥാപനമാണ് കേരള സംസ്ഥാന വനിതാകമ്മീഷൻ. രാഷ്ട്രീയ– സാമൂഹിക –നിയമ രംഗങ്ങളിൽ മികവു തെളിയിച്ച അഡ്വ. പി. സതീദേവി കമ്മീഷന്റെ സുവർണജൂബിലി വർഷത്തിൽ അധ്യക്ഷപദവിയിൽ എത്തിയിരിക്കുന്നു. സ്ത്രീകളുടെ സാമൂഹികപദവി മെച്ചപ്പെടുത്താനുള്ള ദൗത്യത്തിൽ വനിതാകമ്മീഷനു നിർണ്ണായക സ്ഥാനമുണ്ടെന്നാണ് പുതിയ അധ്യക്ഷയുടെ നിലപാട്. വിൽപ്പനച്ചരക്കുകളല്ല എന്നു സ്വയം വിളിച്ചുപറയാനുള്ള ആർജവം ഓരോ പെൺകുട്ടിയും കൈവരിക്കണമെന്നും സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തയാക്കിയശേഷം മാത്രം രക്ഷിതാക്കൾ പെൺകുട്ടികളുടെ വിവാഹം നടത്തുന്നതാണ് ഉചിതമെന്നും അവർ പറയുന്നു**



**അഡ്വ.പി സതീദേവി** / **ശ്രീകാന്ത് എം ഗിരിനാഥ്**

### അധ്യക്ഷ പദവി ഏറ്റെടുത്തശേഷം അടിയന്തര പ്രാധാന്യം നൽകി വരുന്ന പ്രവർത്തനങ്ങൾ ഏതെല്ലാമാണ്?

സ്ത്രീകൾക്ക് എതിരായി നടക്കുന്ന കടന്നാക്രമണങ്ങളുടെ രീതിയിലും സ്വഭാവത്തിലും ഒക്കെത്തന്നെ വലിയ മാറ്റങ്ങൾ വന്നിട്ടുണ്ട്. സമൂഹ മാധ്യമങ്ങളിലൂടെയും മറ്റും സ്ത്രീകളെ അധിക്ഷേപിക്കുന്ന രീതി, സ്ത്രീകൾക്കെതിരെയുള്ള വിവേചനം എന്നിവയ്ക്കെതിരെ വനിതാ കമ്മീഷൻ ആക്ടിൽ കാലാനുസൃതമായ മാറ്റം സാധ്യമാവുന്നതിന് ഉതകുന്ന നിർദേശങ്ങൾ സർക്കാരിന് മുൻപാകെ സമർപ്പിക്കേണ്ടതുണ്ട്. വിവിധമാധ്യമങ്ങളെ ദുരുപയോഗം ചെയ്തുകൊണ്ടാണ് സ്ത്രീകൾക്കെതിരെ അധിക്ഷേപം നടക്കുന്നത്. അതുകൊണ്ടു മാധ്യമങ്ങൾക്ക് ഒരു മാർഗരേഖ തയ്യാറാക്കുന്നതിനുള്ള ഇടപെടൽ കൂടി കമ്മീഷൻ ഏറ്റെടുക്കുകയാണ്. കമ്മീഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിയമവിദഗ്ധരുമായുള്ള ചർച്ചകളും അടിയന്തിര പ്രാധാന്യത്തോടെ നടത്തിവരികയാണ്.

### പ്രണയകൊലപാതകങ്ങളുടെ ഇരകളായും സ്ത്രീകൾ മാറുന്നുണ്ടല്ലോ?

നമ്മുടെ കലാലയങ്ങളിൽ ഇത്തരം ഹീനകൃത്യങ്ങൾ

നടക്കാൻ ഇടയാവുന്ന സാമൂഹിക സാഹചര്യം ഉണ്ടെന്നത് അങ്ങേയറ്റം ഭീതിജനകമാണ്. പാലാ കോളേജിൽ അടുത്തിടെ സഹപാഠിയെ കഴുത്തറുത്തു കൊന്നതിനെ ഞാൻ ഒറ്റപ്പെട്ട സംഭവമായി കാണുന്നില്ല. ഏതാനും നാളുകൾക്ക് മുൻപല്ലേ ഒരു മെഡിക്കൽ വിദ്യാർഥിനിയെ പ്രണയം നിരസിച്ചു എന്നതിന്റെ പേരിൽ ഒരു ചെറുപ്പക്കാരൻ വെടിവെച്ചുകൊന്നത്. ഇതെല്ലാം കാണിക്കുന്നത് കലാലയങ്ങൾക്ക് അകത്ത് എങ്ങനെയാണ് വ്യക്തിബന്ധങ്ങൾ കാത്തുസൂക്ഷിക്കേണ്ടത് എന്ന് ഇന്നത്തെ പല ചെറുപ്പക്കാർക്കും അറിയില്ല എന്നാണ്.

## പുരുഷാധിപത്യ മനോഭാവത്തിന്റെ വിഷയം കൂടിയാണോ ഇത്?

പ്രണയത്തിന്റെ പേരിൽ വിധേയത്വം കാണിക്കുന്ന പെൺകുട്ടികളും മേധാവിത്വം കാണിക്കുന്ന ആൺകുട്ടികളും ഉൾപ്പെടുന്നതാണ് പുതിയ തലമുറ. പ്രണയിതാവിനോടു ഇഷ്ടമില്ലായ്മ തുറന്നു പറയാനുള്ള അവകാശം പോലും പല ബന്ധങ്ങളിലും പെൺകുട്ടികൾക്ക് നിഷേധിക്കപ്പെടുകയാണ്.

## എന്താണ് ഇക്കാര്യത്തിൽ വനിതാ കമ്മീഷൻ പരിഹാരമായി കാണുന്നത് ?

വീടുകളിൽ ആണും പെണ്ണും ജനാധിപത്യപരമായി ഇടപെട്ടു വളരുന്നത് കാണാൻ പുതിയ തലമുറയ്ക്ക് സാധിക്കണം. അതിനുള്ള അവസരം വീടുകളിൽ ഉണ്ടാകണം. വീടുകളിൽ മാത്രം പോര. വ്യക്തിബന്ധങ്ങളിലെ ജനാധിപത്യപരമായ ഇടപെടലുകളെകുറിച്ച് സമൂഹത്തിനും ബോധ്യങ്ങൾ ഉണ്ടാകണം. അതിനായി നമ്മുടെ കലാലയങ്ങളിൽ നല്ല രൂപത്തിലുള്ള ബോധവത്കരണപ്രവർത്തനം നടത്തേണ്ടതായിട്ടുണ്ട്. ഉന്നതവിദ്യാഭാസ വകുപ്പുമായി ആലോചിച്ച് എല്ലാ കലാലയങ്ങളിലും ഇതുമായി ബന്ധപ്പെട്ട് വിദ്യാർഥികളെ കൂടി പങ്കെടുപ്പിച്ചു കൊണ്ടുള്ള ചർച്ചകൾ സംഘടിപ്പിക്കാനാണ് കമ്മീഷൻ ഉദ്ദേശിക്കുന്നത്.

## സ്ത്രീധനത്തിന്റെ പേരിലുള്ള കൊലപാതകങ്ങളും ഉണ്ടാകുന്നുണ്ടല്ലോ? ബോധവത്കരണത്തിന്റെ കുറവ് അക്കാര്യത്തിലുമുണ്ടോ?

സാംസ്കാരികമായും രാഷ്ട്രീയമായും പ്രബുദ്ധമാണ് എന്നൊക്കെ നാം അഭിമാനം കൊള്ളുന്ന കേരളത്തിൽ വിവാഹവുമായി ബന്ധപ്പെട്ട് സ്ത്രീപീഡനങ്ങൾ, ദുരൂഹമരണങ്ങൾ, കൊലപാതങ്ങൾ എന്നിവയൊക്കെ ഉണ്ടാകുന്നുണ്ട്. സ്ത്രീധനം മോഹിച്ച് കൊല്ലത്തെ അഞ്ചലിൽ ഒരു ചെറുപ്പക്കാരൻ ഇതുവരെ കേട്ട് കേൾവിയില്ലാത്ത വിധത്തിൽ പാമ്പിനെ കൊണ്ട് ഭാര്യയെ കടിപ്പിച്ചു കൊന്നില്ലേ? ഇത്തരം സംഭവങ്ങൾ ഉണ്ടാകുമ്പോൾ കുറെ പ്രതികരണങ്ങളും പ്രതിഷേധങ്ങളും ഒക്കെ ഉണ്ടാക്കിയിട്ട് കാര്യമില്ല.

## പ്രതികരണങ്ങൾ ഫലപ്രദമല്ലെന്നാണോ?

എന്നല്ല. വിവാഹവുമായി ബന്ധപ്പെട്ട് നടക്കുന്ന തെറ്റായ പ്രവണതകൾ, സ്ത്രീധനം ആഗ്രഹിച്ച് നടക്കുന്ന വിവാഹങ്ങൾ, ആർഭാട വിവാഹങ്ങൾ ഇവയെല്ലാം ഈ സമൂഹത്തിൽ സ്ത്രീകളുടെ പദവി ഇടിച്ചു താഴ്ത്തുന്നതാണെന്ന് തിരിച്ചറിയാൻ പൊതുസമൂഹത്തിനും പ്രത്യേകിച്ച് നമ്മുടെ പെൺകുട്ടികൾക്കും കഴിയേണ്ടതുണ്ട്. തങ്ങൾ വിൽപ്പനച്ചരക്കുകൾ അല്ലെന്ന് വിളിച്ചു പറയാനുള്ള ആർജവം ഓരോ പെൺകുട്ടിയും കൈവരിക്കണം. പെൺകുട്ടിയെ സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തമാക്കിയതിന് ശേഷമേ വിവാഹം നടത്തുവെന്നും അതാണ് ഉചിതമെന്നും രക്ഷിതാക്കളും മനസിലാക്കണം.

## വിവാഹ പ്രായം സംബന്ധിച്ചും ഈ ഘട്ടത്തിൽ ചർച്ചകൾ ഉണ്ടായി?

ആൺകുട്ടികൾക്ക് 21 ഉം പെൺകുട്ടികൾക്ക് 18 ഉം വയസ്സ് പൂർത്തിയായി എന്ന് വച്ച് അവർക്കു ജീവിത പക്വത ഉണ്ടാകണമെന്നില്ല. സ്ത്രീധനം വാങ്ങിയിട്ടല്ല, സ്വന്തം വരുമാനം കൊണ്ട് ജീവിക്കാനുള്ള തീരുമാനവും ആണും പെണ്ണും തുല്യമാണെന്ന മനോഭാവവും ഉണ്ടാക്കിയിട്ട് വേണം ചെറുപ്പക്കാർ കുടുംബ ബന്ധങ്ങളിലേക്ക് കടക്കാൻ. പെൺകുട്ടികൾക്ക് വിദ്യാഭ്യാസം കൊടുക്കാൻ രക്ഷിതാക്കൾ താൽപര്യപ്പെടുന്നുണ്ടെങ്കിലും പലപ്പോഴും അവർക്കു സ്വന്തമായൊരു വരുമാനം കണ്ടെത്താൻ അവസരം നൽകാതെ വിവാഹം നടത്തുന്നു. എന്നാൽ ആൺകുട്ടികളെ സ്വന്തമായി വരുമാനമുണ്ടെങ്കിൽ മാത്രമെ വിവാഹത്തിനായി പ്രേരിപ്പിക്കാറുള്ളു. ഈ സമീപനത്തിൽ മാറ്റമുണ്ടാകേണ്ടതുണ്ട്.

## വനിതാ കമ്മീഷൻ ഈ വിഷയത്തെ അഭിസംബോധന ചെയ്യേണ്ടതല്ലേ?

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വിവാഹപൂർവ കൗൺസിലിങ് അനിവാര്യമാണെന്ന് കണ്ട് കമ്മീഷൻ അത് എല്ലാ ജില്ലകളിലും നടപ്പാക്കുന്നുണ്ട്. എങ്ങനെയായിരിക്കണം സുദൃഢമായ ഒരു ദാമ്പത്യബന്ധം എന്നതിനെ കുറിച്ച് അറിവ് പകരാൻ ഉതകുന്ന കൗൺസിലിങ് നിർബന്ധമാക്കാനും കമ്മീഷൻ മുൻകൈയെടുക്കുയാണ്. 1961ലെ സ്ത്രീധന നിരോധന നിയമത്തിലെ പഴുതുകൾ മറികടക്കാൻ സ്ത്രീധന നിരോധന നിയമ ഭേദഗതിക്കുള്ള നിർദേശങ്ങൾ ഇതിനകം കമ്മിഷൻ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. വിവാഹസമ്മാനം എന്ന പേരിൽ പരോക്ഷമായി സ്ത്രീധനം നൽകുന്നതിനെ തിരേയും വ്യാപകമായ ക്യാംപയിൻ നടത്തിവരികയാണ്. ആർഭാടവിവാഹങ്ങൾക്കെതിരായ നിയമനിർമാണ ത്തിനുള്ള നിർദേശങ്ങളും കമ്മീഷൻ ഇതിനകം സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

## ദുരഭിമാനം കൊണ്ടുള്ള കുടുംബപ്രശ്നങ്ങൾ കേരളത്തിലും വ്യാപകമാകുകയാണോ?

ഒരു സമീപകാല യാഥാർഥ്യമാണത്. കുടുമ്പങ്ങളുടെ മാനം സംരക്ഷിക്കണമെന്ന പേരിൽ രക്ഷിതാക്കൾ ചെയ്യുന്ന പ്രവൃത്തികൾ പ്രായപൂർത്തിയായ കുട്ടികളുടെ സ്വാതന്ത്ര്യത്തിന് പലപ്പോഴും എതിരാവുന്നുണ്ട്. ദുരഭിമാനത്തിന്റെ പേരിലുള്ള അത്തരം ഇടപെടലുകൾ പെൺകുട്ടികളുടെ വ്യക്തിജീവിതത്തെ തന്നെ ബാധിക്കുന്നുണ്ട്. പതിനെട്ടു വയസ്സ് പൂർത്തിയായ ഒരാളുടെ വ്യക്തിജീവിതം നിർണയിക്കാനുള്ള അവകാശം അംഗീകരിക്കുന്ന തരത്തിൽ നമ്മുടെ കുടുംബാന്തരീക്ഷം മാറിയാൽ മാത്രമേ അവിടെ ജനാധിപത്യമുണ്ട് എന്ന് നമുക്ക് പറയാൻ സാധിക്കൂ. ■

# ദുരിതബാധിതർക്കൊപ്പം



## വായ്പകൾക്ക് മൊറട്ടോറിയം

കേരളം വീണ്ടും ഒരു ദുരന്തഘട്ടം പിന്നിടുകയാണ്. പ്രതീക്ഷിക്കാത്തിടത്ത് പ്രതീക്ഷിക്കാത്ത തരത്തിൽ ഉരുൾ പൊട്ടൽ ഉൾപ്പെടെയുള്ള മഴക്കെടുതികൾ ഉണ്ടായി. അറബിക്കടലിലെ ചക്രവാതച്ചുഴിയും ബംഗാൾ ഉൾക്കടലിലെ ന്യൂനമർദവും ശാന്ത സമുദ്രത്തിലെ ചുഴലിക്കാറ്റുമാണ് നമ്മുടെ സംസ്ഥാനത്തെ ഗുരുതരമായി ബാധിക്കുന്ന മഴക്കെടുതിയിലേക്ക് നയിച്ചത്.

ഒക്ടോബർ 12 മുതൽ 20 വരെ വിവിധ ദുരന്തങ്ങളിൽ 42 പേരുടെ ജീവൻ പൊലിഞ്ഞു. കോട്ടയത്തെ കൂട്ടിക്കലിലും ഇടുക്കിയിലെ കൊക്കയാറിലും ഉരുൾപൊട്ടലിൽ 19 പേർ മരിച്ചു. 304 ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു. ദുരന്തത്തിന്റെ ആഘാതം കുറയ്ക്കാനും ദുരിതമനുഭവിക്കുന്നവർക്ക് സഹായം എത്തിക്കാനും സർക്കാരിനൊപ്പം ഇത്തവണയും കേരളം ഒറ്റക്കെട്ടായി കൈകോർത്തു.

ദുരന്തത്തിൽ മരിച്ചവരുടെ ബന്ധുക്കൾക്കും ജീവിത സമ്പാദ്യം നഷ്ടപ്പെട്ടവർക്കും സാധ്യമായ എല്ലാ സഹായവും നൽകുകയാണ് സർക്കാർ. അതിന്റെ ഭാഗമായി ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് ജപ്തിനടപടികൾ നേരിടുന്നവരെ സഹായിക്കാൻ സർക്കാർ ഡിസംബർ 31 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചു.

കർഷകരും, മത്സ്യത്തൊഴിലാളികളും, ചെറുകിട കച്ചടവടക്കാരും വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഹൗസിങ് ബോർഡ്, കോ ഓർപ്പറേറ്റീവ് ഹൗസിങ് ഫെഡറേഷൻ, പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, വെജിറ്റബിൾ ആൻറ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ പോലുള്ള സംസ്ഥാന സർക്കാർ ഏജൻസികൾ, സഹകരണ ബാങ്കുകൾ, റവന്യൂ റിക്കവറി ആക്ട് 1968 ലെ 71-ാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് എടുത്ത കാർഷിക, വിദ്യാഭ്യാസ, ക്ഷീരവികസന, മൃഗസംരക്ഷണ വായ്പകൾക്ക് ഇത് ബാധകമാകും.

ദേശസാൽകൃത ബാങ്കുകൾ, സ്വകാര്യ ബാങ്കുകൾ, എൻ.ബി. എഫ്.സി., എം.എഫ്.ഐ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകളിലെ ജപ്തി നടപടികൾക്ക് 2021 ഡിസംബർ 31 വരെ മോറട്ടോറിയം ദീർഘിപ്പിക്കാൻ റിസർവ് ബാങ്കിനോടും സംസ്ഥാനതല ബാങ്കേഴ്സ് സമിതിയോടും സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

കൂട്ടിക്കലിൽ ഉരുൾപൊട്ടിയ പ്രദേശം
(ഐ.പി.ആർ.ഡി, കോട്ടയം)

# സർക്കാർ



Date of Publication: 01.10.2021
RNI No.2014/58028 Price: 12.00



# അതിദാരിദ്ര്യ ലഘൂകരണം

അതിദരിദ്രരായ മനുഷ്യരുടെ
അതിജീവനത്തിനുള്ള
ബൃഹത്തായ
ജനകീയ മുന്നേറ്റത്തിന്
തുടക്കമാകുന്നു..!

Printed and Published by S.Harikishore IAS, Director, Information Public Relations Department
on behalf of Government of Kerala and Printed at Orange Printers Pvt.Ltd, Thiruvananthapuram-1, Kerala.
Published from Information Public Relations Department, Govt.of Kerala, Government Secretariat, Thiruvananthapuram-695001.
Editor: S.Harikishore IAS